# സന്ദേശം

**BULLETIN OF CALICUT DIOCESE**

VOLUME XXXVII APRIL 2014 No. 4



**കമിഴ്ത്തിവെച്ചവയെല്ലാം തുറക്കപ്പെടും, ഇരുൾ പ്രകാശമാനമാകും:**

**ഉയർപ്പ് തിരുനാൾ ആശംസകൾ**

# കോഴിക്കോട് രൂപത ബുള്ളറ്റിൻ

ബിഷപ്പ്സ് ഹൗസ്, മലാപ്പറമ്പ്, കോഴിക്കോട്.

ഫോൺ: 0495 - 2370313

## ഉള്ളടക്കം


1. **മുഖമൊഴി**
2. **മുറിപ്പാടുകളുടെ സമാധാനവുമായി ഉത്ഥിതൻ**
   മോസ്റ്റ് റവ. ഡോ. വർഗ്ഗീസ് ചക്കാലക്കൽ
3. **മെയ്ദിന സന്ദേശം**
4. **51 –ാം ലോകദൈവവിളി ദിനം**
   ഫ്രാൻസിസ് പാപ്പ
5. **കണ്ണൂരിന്റെ യാത്രാമൊഴി**
   മാർ ജോർജ് വലിയമറ്റം
6. **കണ്ണൂരിന്റെ ജനകീയ മത്രാൻ ഇനി കോഴിക്കോടിന് സ്വന്തം**
   സി.കെ. കുര്യാച്ചൻ
7. **ജോൺ ഇരുപത്തി മൂന്നാമനും ജോൺ പോൾ രണ്ടാമനും വിശുദ്ധ പദവിയിലേക്ക്**
8. **ഉത്ഥാനത്തിന്റെ ആനന്ദം**
   സി. ആൽബിൻമാത്യു എ.സി.




**മുഖം:**

"കമിഴ്ത്തിവെച്ചവയെല്ലാം തുറക്കപ്പെടും. ഇരുൾ പ്രകാശമാനമാകും"

ഫാ. സൈമൺ പീറ്റർ


**Contact**

calicut_diocese@yahoo.com
suniljpereira@gmail.com



**രക്ഷാധികാരി**

മോസ്റ്റ് റവ. ഡോ. വർഗ്ഗീസ് ചക്കാലക്കൽ
കോഴിക്കോട് രൂപത മെത്രാൻ

**ചീഫ് എഡിറ്റർ**

ഫാ. ജിയോ പയ്യപ്പിള്ളി

**എഡിറ്റോറിയൽ ബോർഡ്**

ഫാ.എ.ഡി. മാത്യു
ഫാ. ജിജു പള്ളിപ്പറമ്പിൽ
ഫാ. ടോണി ഗ്രേഷ്യസ്
ഫാ. സുനിൽ പെരേര

**സർക്കുലേഷൻ മാനേജർ**

സി. അന്ന മരിയ



ഫാ. സുനിൽ പെരേര

# മുഖമൊഴി

ഒരിക്കൽ സിസ്റ്റർമാർ നടത്തുന്ന സ്ത്രീകൾക്കുവേണ്ടിയുള്ള ഒരു റിഹാബിലിറ്റേഷൻ സ്ഥാപനം സന്ദർശിച്ചു. എന്റെ പഠനത്തിന്റെ ഭാഗമായുള്ള ഒരു സന്ദർശനമായിരുന്നു അത്. ആവശ്യമായ രഹസ്യാത്മകത പാലിച്ചുകൊണ്ട് സിസ്റ്റർമാർ അവിടെ വരുന്ന അന്തേവാസികളുടെ കഥകൾ പറഞ്ഞു. ജീവിതാനുഭവത്തിന്റെ വിളുമ്പുകളിലൂടെ നടന്നവരുടെ കഥകൾ. സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളുടെ യഥാർത്ഥ കാഴ്ചപ്പാട് എനിക്ക് നൽകുവാനായിരുന്നു അവർ കഥകൾ പങ്കുവെച്ചത്. ഞാൻ കേട്ട കഥകളിലൊന്ന് ഒരു പെൺകുട്ടിയുടേതാണ്. ആഢ്യത്വമുള്ള ഒരു തറവാട്ടിൽ വലിയൊരു ഉദ്യോഗസ്ഥന്റെ മകളായ് അവൾ ജനിച്ചു. കേന്ദ്രീയ വിദ്യാലയത്തിൽ മിടുക്കിയും ബുദ്ധിമതിയുമായ വിദ്യാർത്ഥിയായിരുന്നു അവൾ. എന്നാൽ, ഒരു ഘട്ടത്തിൽ ഉന്മാദത്തിനും സാധാരണത്വത്തിനുമിടയിലുള്ള നേർത്ത വരമ്പുകളിലൂടെ തെന്നിയും ഇടറിയും അവൾ നടന്നത് ആരുടെയും ശ്രദ്ധയിൽപെട്ടില്ല.

സഭ്യാസഭ്യതകളെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ ഗ്രഹിക്കുവാൻ അവർക്ക് കഴിവ് നഷ്ടപ്പെട്ടിരുന്നത് ആർക്കും മനസ്സിലാക്കാനായില്ല. സ്നേഹത്തിന്റെയും സഹാനുഭൂതിയുടെയും മിഠായികൾ വച്ചുനീട്ടുന്നവരുടെയെല്ലാം പിറകെ അവൾ പോയി. അവളുടെ ജീവിതശൈലി കുടുംബത്തിന്റെ മാന്യതയ്ക്ക് ഒട്ടും നിരക്കാത്തതായിരുന്നതിനാൽ അത്, അവിടെ അലോസരങ്ങൾ സൃഷ്ടിച്ചു. ഒടുവിൽ അവളുടെ വയറ്റിൽ ആരുടെയോ സമ്മാനമായൊരു ജീവൻ വളരുന്നു എന്ന് അറിഞ്ഞപ്പോൾ അവൾ പടിക്ക് പുറത്തായി. വീട്ടുകാർ പുറത്താക്കിയതാണോ അവൾ ഇറങ്ങിപ്പോയതാണോ എന്ന് അറിയില്ല. സാധാരണയായി ഏതെങ്കിലും ചുവന്ന തെരുവിന്റെ അരണ്ട മുറിയിലെത്തിച്ചേരേണ്ട ഈ രോഗാതുരയായ പെൺകുട്ടി പോലീസിന്റെ ഇടപെടൽമൂലം തെരുവിൽനിന്നും സിസ്റ്റർമാരുടെ അടുക്കലെത്തി.

സിസ്റ്റർമാരുടെ പരിചരണയിൽ അവൾ കുഞ്ഞിന് ജന്മംകൊടുത്തു. മരുന്നുകൾ കഴിച്ച് പതിയെ അവളുടെ ജീവിതം താളംകണ്ടെത്തിക്കൊ

ണ്ടിരിക്കുന്നു. ഇപ്പോൾ മുടങ്ങിപ്പോയ പഠനം പുനരാരംഭിക്കുവാനുള്ള ശ്രമത്തിലാണ് ഒപ്പം ചെറിയ ജോലികളും ചെയ്യുന്നു. അവൾ പതുക്കെ ജീവിതം വീണ്ടും കരുപിടിപ്പിക്കുകയാണ്.

പളുങ്കുപാത്രംപോലെ വീണുടഞ്ഞുപോകുമായിരുന്ന ഈ കൗമാരക്കാരിയുടെ ജീവിതത്തിലെ വീണ്ടെടുപ്പ് ക്രിസ്തുവിന്റെ ഉയർപ്പുമായി ചേർത്ത് വായിക്കുവാനേ എനിക്ക് സാധിക്കൂ. അവളുടെ ജീവിതത്തിലൊരു വീണ്ടെടുപ്പ് സാധ്യമാക്കിയ സിസ്റ്റർമാരുടെ കാരുണ്യപ്രവർത്തനങ്ങളെ പ്രചോദിപ്പിക്കുന്നത് മരണത്തെ തോൽപിച്ചുയർത്തെഴുന്നേറ്റ ക്രിസ്തുവാണല്ലോ. ക്രിസ്തുവിന്റെ തിരുവുത്ഥാനത്തിന്റെ പ്രകാശം ഹൈന്ദവയായ ഈ പെൺകുട്ടിക്ക് മേലും വീണുകിടക്കുന്നു.

ഈശോ ഈ ലോകത്തിന് നൽകിയ ഏറ്റവും വലിയ സമ്മാനം പുനരുത്ഥാനവും വീണ്ടെടുപ്പുമാണ്. ലാസർ മരണത്തിൽനിന്നും തിരിച്ചുവരുന്നു. ബാലിക എഴുന്നേൽക്കുന്നു. നായിമിലെ വിധവയുടെ മകൻ ഉറക്കമുണരുന്നു. കാണാതായ നാണയം കണ്ടുകിട്ടുന്നു. വഴിതെറ്റിപ്പോയ ആടിനെ കണ്ടെടുക്കുന്നു. ധൂർത്തപുത്രൻ തിരിച്ചുവരുന്നു. കുരുടർ കാണുന്നു. മുടന്തർ നടക്കുന്നു. കുഷ്ഠരോഗികൾ സംശുദ്ധരാകുന്നു. നല്ല സമരിയക്കാരൻ കടന്നുവരുന്നു. നിക്കദേമൂസ് ഇരുട്ടിൽനിന്നും പ്രകാശത്തിലേക്ക് കയറിവരുന്നു. പാപിനി മരണത്തിന്റെ നൂൽപ്പാലത്തിൽനിന്നും ജീവനിലേക്ക് ചുവടുവെയ്ക്കുന്നു. പത്രോസ് വീഴ്ചകളിൽനിന്നും എഴുന്നേൽക്കുന്നു. ഓടിയൊളിച്ചവർ ജീവൻപോലും കൊടുക്കാൻ മാത്രം ധൈര്യമവലംബിക്കുന്നു. പാപത്തിന്റെയും മരണത്തിന്റെയും ബന്ധനത്തിൽനിന്ന് മനുഷ്യർ വീണ്ടെടുക്കപ്പെടുന്നു. തെറ്റുകൾ ക്ഷമിക്കപ്പെടുന്നു. ഇങ്ങനെ ഉയർപ്പിന്റെയും വീണ്ടെടുപ്പിന്റെയും ബിംബങ്ങളെ കണ്ടുമുട്ടാതെ സുവിശേഷങ്ങളിൽ ഒരു വരിപോലും നാം വായിക്കുന്നില്ല. അവിടുത്തെ തിരുവുത്ഥാനത്തിൽ മാത്രമല്ല, ക്രിസ്തുവിന്റെ ജീവിതത്തിലാകമാനം ഉയർപ്പിന്റെ ചൈതന്യം നമുക്ക് ദർശിക്കാനാവും. ക്രിസ്തു വീണ്ടെടുപ്പിന്റെ സദ്വാർത്തയാണ്.

ഈശോ നമുക്ക് നൽകുന്ന സമ്മാനം ഈ ഉയിർപ്പിന്റെ ചൈതന്യമാണ്. ഈശോയുടെ മക്കളായ നമുക്കും നമ്മുടെ ജീവിതത്തിൽ ഈശോയുടെ ഉയർപ്പിന്റെ ചൈതന്യം കണ്ടെത്തുവാനും മറ്റുള്ളവർക്ക് അത് നൽകുവാനും സാധിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട് സന്ദേശം വായനക്കാർക്ക് ഈസ്റ്റർ ആശംസകൾ നേരുന്നു

ബിഷപ് വർഗീസ് ചക്കാലയ്ക്കൽ



# മുറിപ്പാടുകളുടെ സമാധാനവുമായി ഉത്ഥിതൻ

യേശുക്രിസ്തുവിന്റെ പുനരുത്ഥാനം ദൈവത്തിന്റെ വിസ്മയമാണ്. പുനരുത്ഥാനത്തിലൂടെ മരണം ജീവനാകുന്നു. കാൽവരി ജീവനായിത്തീരുന്നു. ചരിത്രത്തിലെ മഹാസ്ഫോടനമാണ് യേശുവിന്റെ ഉയിർപ്പ്. മരണം ജീവനാകുന്ന നിമിഷമാണത്. ദൈവം മരിച്ചവരുടെയല്ല മറിച്ച് ജീവനുള്ളവരുടെ ദൈവമാണെന്ന് ഉയിർപ്പ് നമുക്ക് വെളിപ്പെടുത്തിത്തരുന്നു. നമ്മൾ ശരിക്കും ജീവിതത്തിൽ നേടിയെടുക്കേണ്ടത് ദർശനമാണ്. കോഴിമുട്ടയിൽ കോഴിയെ കാണുവാനുള്ള ദർശനം, പട്ടുനൂൽപ്പുഴുവിൽ വർണശബളമായ പൂമ്പാറ്റയെ കാണുവാനുള്ള ദർശനം, ദൈവത്തിന്റെ വിസ്മയം മനസ്സിലാക്കുന്നവർക്ക് ശരിയായ ദർശനമുണ്ടാകുന്നു. ഇന്ന് നമുക്ക് ആവശ്യമായിട്ടുള്ളത് ഈസ്റ്റർ കണ്ണുകളാണ്. ഈസ്റ്റർ കണ്ണുകളുള്ളവർ ദൈവത്തിന്റെ വിസ്മയം അവനിലും അവളിലും പുറത്തും ദർശിക്കുന്നു. മരണത്തിൽ ജീവനും, വേർപാടിൽ ഐക്യവും, മുറിവുകളിൽ മഹത്ത്വവും. മനുഷ്യനിൽ ദൈവത്തേയും, ദൈവത്തിൽ മനുഷ്യനെയും, എന്നിൽ നിന്നെയും കാണുവാൻ സാധിക്കുന്നത് ഈസ്റ്റർ കണ്ണുകളുണ്ടാകുമ്പോഴാണ്.

**1. യേശു നൽകുന്ന സമാധാനം**

യേശു പറഞ്ഞു, അന്ത്യദാനമായി സമാധാനം നിങ്ങൾക്കു നൽകുന്നു. എന്റെ സമാധാനം നിങ്ങൾക്കു ഞാൻ നൽകുന്നു (യോഹ 14:27).

സമാധാനം എല്ലാ പ്രശ്നങ്ങളുടേയും യുദ്ധങ്ങളുടേയും അക്രമങ്ങളുടേയും അഭാവമല്ല. ഇവയുടെ മദ്ധ്യേയുള്ള വിശ്വസിക്കുന്നവന്റെ ശാന്തതയുടെ അനുഭവമാണ്. ഉത്ഥിതനായ യേശു നൽകുന്ന വെളിച്ചമാണ്, അവന്റെ സാന്നിദ്ധ്യത്തിന്റെ ശക്തിയാണ്. ഈസ്റ്റർ കണ്ണുകൾ ഉള്ളവന് ഈ ശാന്തത കൈവരിക്കുവാൻ കഴിയുന്നു.

സമാധാനം യാതൊന്നും ചലിക്കാത്തതും, ശബ്ദിക്കാത്തതുമായ സന്ധ്യാവെളിച്ചത്തിന്റെ ശാന്തതയല്ല. മറിച്ച്, കുതിച്ചുച്ചാടുന്ന വെള്ളച്ചാട്ടത്തിനരികെ ശാന്തമായിരിക്കുന്ന അമ്മപ്പക്ഷിയുടെയും കുഞ്ഞുങ്ങളുടെയും അനുഭവമാണ്. ജീവിതപ്രശ്നങ്ങൾക്ക് നടുവിൽ ദൈവത്തിന്റെ

പീഡിതനും ക്രൂശിതനും ഉത്ഥിതനുമായ യേശുവിലൂടെ ലഭിക്കുന്ന ശാന്തതയാണ്. ഈസ്റ്റർ കണ്ണുള്ളവന് ഈ ദർശനമുണ്ടാകുന്നു. അത് ശ്മശാനത്തിലെ ശാന്തതയല്ല, സഹനങ്ങളിലും പ്രശ്നങ്ങളിലും ഉയിർത്തെഴുന്നേറ്റവന്റെ, വിജയശ്രീലാളിതനായവന്റെ കരങ്ങൾ ദർശിക്കുകയാണ്. ഈസ്റ്റർ കണ്ണുകൾ ഉള്ളവർക്ക് അവന്റെ ശക്തമായ കരങ്ങൾ കാണുവാൻ സാധിക്കുന്നു. ജീവിതം നിന്നോട് എന്തു ചെയ്തുവെന്നതല്ല നീ ജീവിതത്തോട് എന്തു ചെയ്തു എന്നതാണ് പ്രധാനം. ആ പ്രാധാന്യം മനസ്സിലാക്കണമെങ്കിൽ ഈസ്റ്റർ കണ്ണുകൾ നമുക്കുണ്ടാകണം.

**2. സമാധാനത്തിനുള്ള 4 മാർഗങ്ങൾ**

ക്രിസ്താനുകരണം മൂന്നാം പുസ്തകത്തിൽ അദ്ധ്യായം 23-ന്റെ തലക്കെട്ട് ഇപ്രകാരമാണ്. സമാധാനത്തിനു നാലു മാർഗങ്ങൾ. ഈ നാല് മാർഗങ്ങൾ താഴെ പറയുന്നവയാണ്: ഒന്ന്, മകനേ, നിന്റെ ഇഷ്ടത്തേക്കാളധികമായി അന്യന്റെ ഇഷ്ടം നിറവേറ്റാൻ ശ്രമിക്കുക. രണ്ട്, അധികമുള്ളത് തള്ളി സദാ കുറഞ്ഞത് തെരഞ്ഞെടുക്കുക. മൂന്ന്, താഴ്ന്ന സ്ഥാനത്ത് ഏവർക്കും കീഴിലായിരിക്കാൻ സദാ ശ്രമിക്കുക. നാല്, ദൈവതിരുവിഷ്ടം നിന്നിൽ നിറവേറ്റാൻ സദാ ആഗ്രഹിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക.

i) നിന്റെ ഇഷ്ടത്തേക്കാളധികമായി അന്യന്റെ ഇഷ്ടം നിറവേറ്റാൻ ശ്രമിക്കുക: ലോകം പഠിപ്പിക്കുന്നത് നമ്മുടെ വഴി തിരഞ്ഞെടുക്കുവാനാണ്. സൃഷ്ടിയുടെ കഥയിൽ നാം വായിക്കുന്നുണ്ട്. ആദവും ഹവ്വയും ദൈവത്തിന്റെ വഴിയേക്കാളുപരി, തങ്ങളുടെ വഴി തിരഞ്ഞെടുത്തുവെന്ന്. ഗത്സമേനി തോട്ടത്തിൽ യേശുക്രിസ്തു പിതാവിന്റെ ഇഷ്ടത്തിന് പ്രാധാന്യം കൊടുത്തു. ആദം തോറ്റിടത്ത് യേശുക്രിസ്തു ജയിച്ചു. ആധുനിക മനുഷ്യന് അനുസരണ പ്രയാസമുള്ള ഒരു സുകൃതമായി ത്തീർന്നിരിക്കുന്നു. എങ്കിലും നമ്മൾ പഠിച്ചിരിക്കുന്ന ഒരു പാഠം നിങ്ങൾ കൽപിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ആദ്യം അനുസരിക്കുവാൻ പഠിക്കണം എന്നാണല്ലോ. നിന്റെ ഇഷ്ടത്തേക്കാളുപരി അന്യന്റെ ഇഷ്ടം നിറവേറ്റാൻ ശ്രമിക്കുക എന്ന ഉപദേശം ബാധകമാകുന്നത് അപരൻ തിന്മ ചെയ്യാൻ നമ്മോട് ആവശ്യപ്പെടാതെയിരിക്കുമ്പോഴാണ്. തിന്മ ചെയ്യാനുള്ള പ്രേരണയാണെങ്കിൽ അത് പാടെ നമ്മൾ തിരസ്ക്കരിക്കണം.

ii) അധികമുള്ളത് തള്ളി സദാ കുറഞ്ഞത് തിരഞ്ഞെടുക്കുക:

നമ്മുടെ സംസ്കാരം നമ്മെ പ്രലോഭിപ്പിക്കുന്നത് അധികമുണ്ടാകുമ്പോ ഴാണ് നമുക്ക് സന്തോഷമുണ്ടാകുന്നത് എന്നാണ്. ഈ തത്ത്വചിന്ത കൂടുതൽ കൂടുതൽ ആഗ്രഹിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. ഈ പ്രവണതയെ ചെറുത്തുനിൽക്കാൻ നമുക്ക് പ്രയാസം അനുഭവപ്പെടു ന്നു. സമ്പത്തിന്റെ കാര്യത്തിലാണ് ഈ കൂടുതൽ കൂടുതൽ എന്ന പ്രവ ണത കണ്ടുവരുന്നത്. ഈ പ്രവണത ആർത്തിയുടെ ഒരു സംസ്ക്കാരം വളർത്തുന്നു. ആർത്തിയുടെ പരിണിതഫലം നമുക്കറിയാമല്ലോ.

iii) താഴ്ന്ന സ്ഥാനത്ത് ഏവർക്കും കീഴിലായിരിക്കുവാൻ ശ്രമി ക്കുക: നമ്മുടെ ഇല്ലായ്മയെക്കുറിച്ചും നമ്മുടെ നിസ്സാരതയെപ്പറ്റിയും ഉള്ള അവബോധം നമ്മെ എളിമയുള്ളവരാക്കും. പെരുമാറ്റത്തിലും വാക്കിലും ഈ മനോഭാവം പ്രതിഫലിക്കും. മുൻനിരയിലിരിക്കാതെ പിൻനിരയിലിരിക്കാൻ യേശു പഠിപ്പിച്ച വിരുന്നിന്റെ ഉപമ ഓർമിക്കു ന്നത് നല്ലതാണ്. സ്വയം നിസ്സാരനായി കരുതുന്നവരെയാണ് ദൈവവും മനുഷ്യരും ഉയർത്തുന്നത്. സ്വയം അഹങ്കരിക്കുന്നവരെ എല്ലാവരും തിരസ്ക്കരിക്കും.

iv) ദൈവതിരുവിഷ്ടം നിന്നിൽ നിറവേറ്റാൻ സദാ ആഗ്രഹിക്കു കയും പ്രാർത്ഥിക്കുകയും ചെയ്യുക: വി. തോമസ് അക്വിനാസിന്റെ അഭി പ്രായത്തിൽ ഉത്ഭവപാപത്തിന്റെ ഫലമായുണ്ടായ മുറിവുകളിലൊന്ന് നമ്മുടെ ഇച്ഛാശക്തി ബലഹീനമായി എന്നുള്ളതാണ്. വി. പൗലോസ് വളരെ വ്യക്തമായി ഈ അനുഭവം വ്യക്തമാക്കുന്നുണ്ട്. ഞാൻ ചെയ്യുന്ന പ്രവൃത്തികൾ തന്നെ എനിക്കു മനസ്സിലാകുന്നില്ല. എന്തെന്നാൽ, ഞാൻ ഇച്ഛിക്കുന്നതല്ല വെറുക്കുന്നതാണ് ഞാൻ പ്രവർത്തിക്കുന്നത് (റോമ 7:15). അതുകൊണ്ട് നമ്മുടെ ഇച്ഛാശക്തി കരുത്തുറ്റതാകുവാൻ സദാ നാം പ്രാർത്ഥിക്കണം.

**3. ഹൃദയപരിവർത്തനം സമാധാനമാർഗം**

ഭീകരതയും യുദ്ധവും കലഹങ്ങളുമൊക്കെ ആരംഭിക്കുന്നത് മനു ഷ്യഹൃദയങ്ങളിലാണ്. ദുഷിച്ച വികാരങ്ങൾ ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു. അതുകൊണ്ട് ആദ്യം നന്നാകേണ്ടത് മനുഷ്യഹൃദയ ങ്ങളാണ്. സ്വാർത്ഥതയും അഹങ്കാരവും വെറുപ്പും വിദ്വേഷവും പ്രതി കാരമനോഭാവവും നിറഞ്ഞ മനുഷ്യഹൃദയങ്ങളിൽ നടക്കുന്ന ആഭ്യ ന്തര യുദ്ധങ്ങളാണ് എല്ലാ ഭീകരപ്രവർത്തനങ്ങളുടെയും ഉറവിടം. മനു ഷ്യഹൃദയങ്ങളിൽ ഒരു പരിവർത്തനം സംഭവിക്കാതെ ഇന്നത്തെ സംഘർഷങ്ങൾക്ക് ഒരു അവസാനവും ഉണ്ടാകുവാൻ പോകുന്നില്ല.

ചില സന്ദർഭങ്ങളിൽ പ്രതികാരാഗ്നി നമ്മിൽ ആളിക്കത്തിയേക്കാം. തിന്മയ്ക്കുപകരം തിന്മ ശത്രുക്കൾപോലും പ്രതീക്ഷിക്കുന്നതാണ്. എന്നാൽ തിന്മയ്ക്കുപകരം നന്മ ചെയ്യുന്നത് ഇവർക്ക് ഉൾക്കൊള്ളാനാവില്ല. ഒരുപക്ഷേ, അത് അവരുടെ മാനസാന്തരത്തിനു കാരണമായേക്കാം.

സമൂഹത്തിൽ നടക്കുന്ന ഓരോ തിന്മയും നിങ്ങളെ അസ്വസ്ഥമാക്കുന്നില്ലെങ്കിൽ, നിങ്ങളിലെ മനുഷ്യത്വം മരവിച്ചുപോയി എന്ന് ചിന്തിച്ചുകൊള്ളണം. സമാധാനമുണ്ടാകാൻ തിന്മയെ വർജ്ജിക്കുവാൻ തയ്യാറാകണം.

### 4. സമാധാനതീരങ്ങളാകുക

ഗലീലിക്കടലും ചാവുകടലും സ്വീകരിക്കുന്ന ജലം ഒന്നുതന്നെയാണ്. ഒന്നിൽ ഒഴുക്കില്ല, മറ്റൊന്നിൽ സമൃദ്ധമായി ഒഴുക്കുണ്ട്. സ്വതന്ത്രമായി ഒഴുകുന്ന ഗലീലിക്കടലിൽ ജീവൻ സമൃദ്ധിയുണ്ട്. മറിച്ച് ചാവുകടലിലോ തീരങ്ങളിലോ ജീവന്റെ സമൃദ്ധിയില്ല. മരുപ്പച്ചപോലുമില്ലാത്ത പ്രദേശം.

ഗലീലിക്കടലും ചാവുകടലും രണ്ടു പ്രതീകങ്ങളാണ്. സമാധാനത്തിന്റെ ഉറവിടം ദൈവമാണ്. നമ്മൾ നമ്മുടെ ഹൃദയം തുറന്ന് സമാധാനം അതിലേക്ക് ഒഴുക്കുവാനും സമാധാനംകൊണ്ട് നിറയ്ക്കുവാനും ശ്രമിക്കണം. സമാധാനം സ്വീകരിക്കണം. സമാധാനം നൽകണം. സമാധാനം നമ്മിലേക്ക് ഒഴുകുവാൻ അനുവദിക്കുക. അതിനുശേഷം അത് മറ്റുള്ളവരിലേക്ക് ഒഴുക്കിവിടുക. നമ്മിൽ ദൈവത്തിന്റെ സമാധാനം നിറയുമ്പോൾ നമ്മൾ സമാധാനത്തിന്റെ അരുവിയായിത്തീരുന്നു. ആ അരുവിയെ നമ്മുടെ അയൽക്കാരിലേക്ക് ഒഴുക്കുവാനും നമുക്കു സാധിക്കണം. അപ്പോൾ നമ്മൾ ഗലീലിക്കടൽപോലെ ജീവൻ നൽകുന്നവരാകും. നമ്മളുണ്ടാക്കുന്ന സമാധാനതീരങ്ങൾ മറ്റുള്ളവർക്ക് അഭയമായിത്തീരും. അല്ലാത്തപക്ഷം നാം ചാവുകടൽ പോലെ നിർജ്ജീവമായിത്തീരും.

ജോർദ്ദാൻ നദിയിൽനിന്നും ശുദ്ധജലം സ്വീകരിച്ച് ജീവന്റെ തുടിപ്പുകളുയർത്തുന്ന ഗലീലിക്കടൽപോലെ, ദൈവത്തിൽനിന്നും സമാധാനം സ്വീകരിച്ച് മറ്റുള്ളവർക്ക് സമാധാനതീരങ്ങളാകുന്ന നിരവധി മനുഷ്യർ നമുക്കുചുറ്റുമുണ്ട്. ഈ ലോകത്തെ പ്രകാശമാനമാകുന്നത് അവരുടെ സമാധാന പ്രവൃത്തികളാണ്. ദൈവാനുഗ്രഹം പിടിച്ചുപറ്റി മറ്റുള്ളവർക്ക് അനുഗ്രഹമായിത്തീരുന്ന ഇവർ സമൂഹത്തിൽ ഉപ്പും പ്രകാശവുമാണ്.

അതോടൊപ്പംതന്നെ, ജോർദ്ദാൻ നദിയിലെ ജലം സ്വീകരിച്ച് നിർജ്ജീവമായിത്തീരുന്ന ചാവുകടൽപോലെ സമാധാനം പിടിച്ചുപറ്റി സ്വാർത്ഥതയുടെ തീരങ്ങളിൽ ജീവിക്കുന്നവരുമുണ്ട്. അനുഗ്രഹങ്ങൾ ധാരാളം ലഭിച്ചവരാണിവർ. എങ്കിലും ആ അനുഗ്രഹത്തെ മറ്റുള്ളവർക്ക് അനുഗ്രഹമായി നൽകാൻ ഇവർക്ക് കഴിയുന്നില്ല. ദൈവം നൽകിയ സമ്പത്തും അറിവും ആരോഗ്യവും സ്വന്തമായി മാത്രം ഉപയോഗിച്ച് ശാപതീരങ്ങളാകുന്നവരാണിവർ. വെറുപ്പും വിദ്വേഷവും പകർത്താനേ അവർക്ക് കഴിയൂ.

**5. ലോകസമാധാനം**

ഒന്നാം ലോകമഹായുദ്ധത്തിൽ ദശലക്ഷക്കണക്കിന് സ്ത്രീകളും പുരുഷന്മാരും കൊല്ലപ്പെട്ടു. സമാധാനം കാത്തുസംരക്ഷിക്കാനും തർക്കങ്ങൾ പരിഹരിക്കാനും ഒരു അന്താരാഷ്ട്ര സംഘടനയുടെ ആവശ്യമുണ്ടെന്ന് എല്ലാവർക്കും ബോധ്യമായി. ലീഗ് ഓഫ് നേഷൻസിന്റെ ഭരണഘടന അങ്ങിനെ എഴുതപ്പെട്ടു. ഈ സംഘടനയിൽ ചേരരുത് എന്ന് പറഞ്ഞ് അമേരിക്കൻ കോൺഗ്രസ് വോട്ടു ചെയ്തു. സമാധാന ശ്രമങ്ങൾക്ക് അങ്ങനെ തുരങ്കം വെക്കപ്പെട്ടു.

വീണ്ടും രണ്ടാം ലോകമഹായുദ്ധത്തിൽ ലക്ഷക്കണക്കിന് മനുഷ്യർ മരിച്ചുവീണു. യുദ്ധം മടുത്ത 45രാഷ്ട്രങ്ങളിലെ പ്രതിനിധികൾ സാൻഫ്രാൻസിസ്കോയിൽ ഒത്തുകൂടി. അങ്ങനെ ഐക്യരാഷ്ട്രസംഘടന രൂപപ്പെട്ടു. ബ്രിട്ടനിലെ സർ ആന്റണി ഈഡൻ ഐക്യരാഷ്ട്ര സംഘടനയുടെ ആദ്യത്തെ പൊതുയോഗത്തിൽ നടത്തിയ ആമുഖപ്രഭാഷണത്തിൽ പറഞ്ഞു: 'This may be the world's last chance'. ഇത് ലോകത്തിന്റെ അവസാനത്തെ അവസരമായിരിക്കും. പതിനാറ് വർഷങ്ങൾക്കുശേഷം, 1961–ൽ, അണുവായുധ യുദ്ധഭീതി ലോകമെങ്ങും പരന്നപ്പോൾ, അമേരിക്കൻ പ്രസിഡണ്ട് ജോൺ എഫ്. കെന്നഡി ഐക്യരാഷ്ട്ര സംഘടനയുടെ പൊതുസമ്മേളനത്തിൽ ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി: ഒരുമിച്ചുനിന്നാൽ ഈ ലോകത്തെ നമുക്കു രക്ഷിക്കാം. അതല്ലെങ്കിൽ, അതിന്റെ അഗ്നിയിൽ നമ്മളെല്ലാം നശിക്കും.

യേശുക്രിസ്തു നമ്മുടെ സമാധാനമാണ്. അവൻ പറയുന്നു: 'ഭയപ്പെടേണ്ട. യേശു നൽകുന്ന സമാധാനം നമുക്ക് സ്വീകരിക്കാം. സമാധാനപാലകരായിത്തീരാം. ഈശോ മിശിഹായുടെ സമാധാനം നിങ്ങളുടെ ഹൃദയത്തിൽ കുടികൊള്ളട്ടെ. അവന്റെ തണലിൽ നമുക്ക് ജീവിക്കാം.

# കേരള കത്തോലിക്കാമെത്രാൻസമിതിയുടെ തൊഴിൽകാര്യകമ്മീഷൻ പുറപ്പെടുവിക്കുന്ന മേയ്ദിന സന്ദേശം - 2014

കർത്താവിനാൽ സ്നേഹിക്കപ്പെട്ട സഹോദരീസഹോദരന്മാരേ,

1. അന്താരാഷ്ട്ര തൊഴിലാളിദിനത്തിന്റെയും തൊഴിലാളിയായ വിശുദ്ധ യൗസേപ്പിതാവിന്റെ ഓർമ്മത്തിരുനാളിന്റെയും എല്ലാവിധ നന്മകളും ആശംസിക്കുന്നു. അദ്ധ്വാനത്തിൽ പങ്കുചേരുകവഴി തൊഴിലിനെയും തൊഴിലാളികളെയും വിശുദ്ധീകരിച്ച നമ്മുടെ നാഥനും കർത്താവുമായ ഈശോമിശിഹായുടെ കൃപ എല്ലാ തൊഴിലാളികളുടെയുംമേൽ വർഷിക്കട്ടെയെന്നും പ്രാർത്ഥിക്കുന്നു.

2. ദൈവത്തിന്റെ അദ്ധ്വാനത്തിന്റെ ഫലമായിട്ടാണ് പ്രപഞ്ചം രൂപപ്പെട്ടതെന്നാണ് വിശുദ്ധഗ്രന്ഥം വിവരിക്കുന്നത്. അതുകൊണ്ടാണ് തിരുസ്സഭ, തൊഴിലിനെ ദൈവം നടത്തുന്ന സൃഷ്ടികർമ്മത്തിലുള്ള മനുഷ്യന്റെ പങ്കുചേരലായി വിശദീകരിക്കുന്നത്. 'നെറ്റിയിലെ വിയർപ്പുകൊണ്ട് ഭക്ഷിക്കുക' (ഉത്പ 3:19) എന്ന ദൈവകല്പന വിശുദ്ധ പൗലോസ് അപ്പോസ്തലൻ പുനരാവിഷ്കരിക്കുന്നതാണ് 'അദ്ധ്വാനിക്കാത്തവൻ ഭക്ഷിക്കാതിരിക്കട്ടെ' (2 തെസ 3:10) എന്ന വചനഭാഗം. തൊഴിലിനു അത്രയേറെ പ്രാധാന്യം ക്രൈസ്തവ ദർശനത്തിലുണ്ട്.

3. കുടുംബത്തെക്കുറിച്ചുള്ള സിനഡിനായി ആഗോളതിരുസ്സഭ ഒരുങ്ങുന്ന ഈ വേളയിൽ തൊഴിലാളികളുടെ കുടുംബജീവിതത്തിന് തിരുസ്സഭ വലിയ പ്രാധാന്യം നൽകുന്നുണ്ട്. കഴിഞ്ഞ ഒരുവർഷക്കാലമായി തിരുസ്സഭയെ നയിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ പ്രബോധനങ്ങളും ജീവിതസാക്ഷ്യവും വലിയ സ്വാധീനമാണ് സമൂഹത്തിൽ ഉളവാക്കിക്കൊണ്ടിരിക്കുന്നത്. ദരിദ്രരും നിന്ദിതരും നിരാലംബരുമായ ജനവിഭാഗങ്ങളോടുള്ള അതിരറ്റ അനുകമ്പ, സമ്പത്തിന്റെയും ഭൗതികസുഖഭോഗങ്ങളുടെയും പിന്നാലെ പരക്കംപായുന്ന ലോകത്തിനെതിരേ ഉയർത്തുന്ന വിമർശനങ്ങൾ, ലാളിത്യവും വിനയവും നിറഞ്ഞ ജീവിതശൈലി എന്നിവ വഴി ലോകമനഃസാക്ഷിയുടെ മുന്നിൽ ചോദ്യങ്ങളുയർത്തുകയാണ് പാപ്പാ.

4. ഈയിടെ മാർപാപ്പാ പുറത്തിറക്കിയ 'സുവിശേഷത്തിന്റെ സന്തോഷം' എന്ന അപ്പസ്തോലിക ആഹ്വാനം ലോകമെങ്ങും ചർച്ച ചെയ്യപ്പെട്ടു

കൊണ്ടിരിക്കുകയാണ്. പ്രാന്തവത്കരിക്കപ്പെട്ടവരുടെ വികസനത്തിനും ശക്തീകരണത്തിനും വിമോചനത്തിനുമുള്ള പ്രവർത്തനങ്ങൾ സുവിശേഷവത്കരണത്തിന്റെ അവിഭാജ്യഘടകമായി പാപ്പാ വിശദീകരിക്കുന്നുണ്ട്. പ്രവാചകതീക്ഷ്ണതയോടെയാണ് പാപ്പാ സമകാലികസമൂഹത്തെ വിലയിരുത്തുന്നത്. വികസനത്തിൽനിന്നും തഴയപ്പെട്ടവരെ പാപ്പാ വിവരിക്കുന്നതിങ്ങനെയാണ്: "ഇന്ന് എല്ലാ കാര്യങ്ങളും മത്സരത്തിന്റെയും പ്രബലരുടെ അതിജീവനത്തിന്റെയും നിയമങ്ങൾക്ക് കീഴിലായിരിക്കുന്നു. അവിടെ ബലവാന്മാർ ദുർബലരെ തിന്നു കൊഴുക്കുന്നു. അതിന്റെ അനന്തരഫലമായി ജനസമൂഹങ്ങൾ ഒഴിവാക്കപ്പെട്ടവരായും പാർശ്വവത്കരിക്കപ്പെട്ടവരായും മാറുന്നു. അവർക്ക് ജോലിയില്ല, സാദ്ധ്യതകളില്ല, രക്ഷപ്പെടാൻ മാർഗ്ഗമില്ല. ഉപയോഗിച്ചിട്ടു വലിച്ചെറിയേണ്ട ഉപഭോഗവസ്തുവായി മനുഷ്യൻ കരുതപ്പെടുന്നു. നാം ഒരു വലിച്ചെറിയൽ സംസ്കാരം സൃഷ്ടിച്ചിരിക്കുന്നു. ഇത് കേവലം ചൂഷണത്തിന്റെയും ഞെരുങ്ങലിന്റെയും പ്രശ്നമല്ല. ......ഒഴിവാക്കപ്പെട്ടവർ സമൂഹത്തിന്റെ അടിത്തട്ടിലോ അതിരുകളിൽ പോലുമോ ഉള്ളവരാകുന്നില്ല. അവകാശങ്ങളില്ലാത്തവരിൽപ്പോലും ഉൾപ്പെടുന്നില്ല. അവർ സമൂഹത്തിന്റെ ഒരു ഭാഗമേ അല്ല. ഒഴിവാക്കപ്പെട്ടവർ ചൂഷിതരല്ല, പിന്നയോ സമൂഹഭ്രഷ്ടരാണ്, തള്ളിക്കളയപ്പെട്ടവരാണ്" (ഖണ്ഡിക 53).

5. അതുപോലെതന്നെ സമകാലികസമൂഹത്തെ ബാധിച്ചിരിക്കുന്ന മനോഭാവമാറ്റത്തെയും അതിന്റെ കാരണങ്ങളെയും പ്രത്യാഘാതങ്ങളെയും പാപ്പാ വിവരിക്കുന്നുണ്ട്: "മറ്റുള്ളവരെ ഒഴിവാക്കുന്ന ജീവിതശൈലി നിലനിറുത്താൻ അല്ലെങ്കിൽ സ്വാർത്ഥം നിറഞ്ഞ ആദർശത്തിനുവേണ്ടിയുള്ള ആവേശം നിലനിറുത്താൻ നിസ്സംഗതയുടെ ഒരു ആഗോളവത്കരണം വികസിച്ചു വന്നിരിക്കുന്നു. അതിനെപ്പറ്റി ബോധവാന്മാരാകാതെ തന്നെ നമ്മൾ ദരിദ്രരുടെ വിലാപത്തിൽ സഹതാപം തോന്നാൻ കഴിയാത്തവരും, മറ്റുള്ളവരുടെ വേദനയിൽ കരയാനാകാത്തവരും, അവരെ സഹായിക്കുക ആവശ്യമാണെന്ന് തോന്നാത്തവരും ആയിത്തീർന്നിരിക്കുന്നു. അതെല്ലാം നമ്മുടെ ഉത്തരവാദിത്വത്തിൽപ്പെട്ട കാര്യങ്ങളല്ലെന്നും മറ്റുള്ളവരുടെ ഉത്തരവാദിത്വത്തിൽപ്പെട്ട കാര്യങ്ങളാണെന്നും നാം ധരിച്ചിരിക്കുന്നു. സമൃദ്ധിയുടെ സംസ്കാരം നമ്മെ മയക്കത്തിലാക്കിയിരിക്കുന്നു" (ഖണ്ഡിക 54).

6. "ഈ അവസ്ഥയുടെ ഒരു ഹേതു പണത്തോടുള്ള നമ്മുടെ ബന്ധമാണ്. കാരണം നമ്മുടെമേലും സമൂഹത്തിന്റെമേലും പണത്തിനുള്ള

ആധിപത്യം നമ്മൾ ശാന്തരായി സ്വീകരിച്ചിരിക്കുന്നു" (ഖണ്ഡിക 55). "ന്യൂനപക്ഷത്തിന്റെ സമ്പാദ്യം അസൂയാർഹമാംവിധം വളരുമ്പോൾ സന്തുഷ്ടരായ ഇക്കൂട്ടരുടെ ഐശ്വര്യത്തിനും ബഹുഭൂരിപക്ഷത്തിന്റെ സമ്പാദ്യത്തിനുമിടയിലുള്ള വിടവ് ഉത്തരോത്തരം വികസിച്ചു വരികയാണ്" (ഖണ്ഡിക 56).

7. ദരിദ്രരുടെ വികസനം ബാഹ്യതലസ്പർശിമാത്രമാകാതെ സമഗ്രമായിരിക്കണമെന്ന് പാപ്പാ പഠിപ്പിക്കുന്നു. തൊഴിലിനും കൂലിക്കും സമൂഹത്തിന്റെ വികസനത്തിലുള്ള സ്ഥാനം അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധത്തിൽ പാപ്പാ വിവരിക്കുന്നു. "എല്ലാ ജനങ്ങളുടെയും പോഷണം ഉറപ്പുവരുത്തുന്നതിനെക്കുറിച്ചോ അവരെ മഹത്ത്വപൂർണ്ണമായി താങ്ങി നിറുത്തുന്നതിനെസംബന്ധിച്ചോ മാത്രമല്ല, പിന്നെയോ അവരുടെ ഭൗതികക്ഷേമത്തെയും ഐശ്വര്യത്തെയും കുറിച്ചാണ് നാം സംസാരിക്കുന്നത്. ഇതിന്റെ അർത്ഥം അവർക്ക് വിദ്യാഭ്യാസവും ചികിത്സാ സൗകര്യവും സർവോപരി തൊഴിലും ലഭിക്കണമെന്നതാണ്. എന്തെന്നാൽ സ്വതന്ത്രവും സർഗ്ഗാത്മകവും ഭാഗഭാഗിത്വമുള്ളതും പരസ്പരം പിന്താങ്ങുന്നതുമായ തൊഴിലിലൂടെയാണ് മനുഷ്യർ തങ്ങളുടെ മഹത്ത്വം പ്രകാശിപ്പിക്കുന്നതും ഉയർത്തുന്നതും. നമ്മുടെ പൊതു ഉപയോഗത്തിനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള മറ്റു സകല വസ്തുക്കളും പര്യാപ്തമായി നേടാൻ നീതിപൂർവ്വകമായ കൂലി അവർക്ക് കഴിവ് നൽകും" (ഖണ്ഡിക 192). "വിപണിയുടെ അദൃശ്യശക്തികളെയും അദൃശ്യകരത്തെയും നമുക്കിനി ഒട്ടും വിശ്വസിക്കാനാവില്ല. നീതിയിലുള്ള വളർച്ചയ്ക്ക് സാമ്പത്തികവളർച്ച മുൻകൂട്ടി വേണമെങ്കിലും അതിനെക്കാൾ കൂടുതൽ പലതും ആവശ്യമാണ്. വരുമാനത്തിന്റെ കൂടുതൽ നല്ലവിതരണം, തൊഴിലിലുള്ള ഉറവിടങ്ങളുടെ സൃഷ്ടി, ലളിതമായ ക്ഷേമമനോഭാവത്തിനപ്പുറം പോകുന്നതും ദരിദ്രർക്കുവേണ്ടിയുള്ളതുമായ സമഗ്രവളർച്ച എന്നിവയിലേക്ക് പ്രത്യേകമായി തിരിച്ചുവിട്ടിട്ടുള്ള തീരുമാനങ്ങളും കർമ്മപരിപാടികളും യാന്ത്രിക സംവിധാനങ്ങളും പ്രക്രിയകളും അതിന് ആവശ്യമാണ്. ഉത്തരവാദിത്വബോധമില്ലാത്ത ജനപ്രീതിവാദം നിർദ്ദേശിക്കുന്നതിൽ നിന്ന് ഞാൻ വളരെ അകലെയാണ്. പക്ഷേ, പുതിയ വിഷയമായിരിക്കുന്ന പരിഹാരമാർഗ്ഗങ്ങളിലേക്ക് സാമ്പത്തികതയ്ക്ക് ഇനി ഒട്ടും തിരിയാൻ സാധ്യമല്ല. തൊഴിൽശക്തി കുറച്ചുകൊണ്ട് ലാഭം വർദ്ധിപ്പിക്കാൻ ശ്രമിക്കുകയും അങ്ങനെ പുറംതള്ളപ്പെട്ടവരുടെ നിര വർദ്ധിപ്പിക്കുകയും ചെയ്യുന്നത് അത്തരത്തിലുള്ള പരിഹാരമാർഗ്ഗമാണ്" (ഖണ്ഡിക 204).

8. കേരളത്തിലെ ചെറുകിട കർഷകരുൾപ്പെടെയുള്ള അസംഘടിത തൊഴിലാളികൾ വലിയ പ്രതിസന്ധിയിലാണ്. പരിസ്ഥിതിയുടെ പേരിൽ ഇരകളാകുന്ന മലയോരവാസികളിലും തീരദേശവാസികളിലും പെട്ടവരുടെ അവസ്ഥ ദയനീയം തന്നെ. ചില സ്ഥാപിതതാത്പര്യങ്ങളാണിതിന്റെ പിന്നിൽ. എല്ലാവരും ഒരുമിച്ച് ഇതിനെ ചെറുത്തുതോല്പിക്കാൻ തയ്യാറാവണം.

9. സേവനമേഖലയിൽ തൊഴിൽചെയ്യുന്ന ചില വിഭാഗം അസംഘടിത സ്ത്രീത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പ്രബുദ്ധരായ കേരളസമൂഹത്തിന്റെ മുന്നിൽ അവതരിപ്പിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. കേരളത്തിൽ വളർന്നുവരുന്ന നഗരവത്കരണത്തിന്റെ ഭാഗമായി വൻകിട കച്ചവടസ്ഥാപനങ്ങളും മാളുകളും അനുദിനം വർദ്ധിച്ചുവരികയാണ്. സ്ത്രീത്തൊഴിലാളികളാണ് ഈ രംഗത്ത് ജോലിചെയ്യുന്നവരിൽ ഭൂരിപക്ഷവും. താരതമ്യേന ദരിദ്രകുടുംബങ്ങളിൽനിന്നും വരുന്നവരാണിവർ. കടുത്ത ചൂഷണവും വിവേചനവും ഈ രംഗത്ത് ഉണ്ടെന്നാണ് പല പഠനങ്ങളും വെളിവാക്കുന്നത്. ഷോപ്സ് ആൻഡ് കോമേഴ്ഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്റ്റ് പോലുള്ള നിയമങ്ങൾ വേണ്ടവിധത്തിൽ നടപ്പാക്കപ്പെടുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ആക്റ്റിൽ പറയുന്ന വേതനസേവനവ്യവസ്ഥകൾ, വിശ്രമം, അവധി, ഓവർടൈം വേതനം തുടങ്ങിയ സൗകര്യങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാകുന്നില്ല എന്നതാണ് പഠനങ്ങൾ കാണിക്കുന്നത്.

10. മറ്റൊരു മേഖലയെക്കൂടി ചർച്ചയ്ക്ക് വിധേയമാക്കട്ടെ. അൺഎയ്ഡഡ് സ്കൂളുകളും സ്വാശ്രയവിദ്യാഭ്യാസ സ്ഥാപനങ്ങളുമാണവ. ഏറ്റവും കൂടുതൽ അഭ്യസ്തവിദ്യരായ സ്ത്രീജനങ്ങൾ തൊഴിൽചെയ്യുന്ന മേഖലയാണിത്. ഇവരുടെ സേവനവേതനവ്യവസ്ഥകളുമായി ബന്ധപ്പെട്ടു ചില പരിമിതമായ നിയമങ്ങളും ചട്ടങ്ങളും മാത്രമേ ഉള്ളൂവെങ്കിലും അതുപോലും നടപ്പിലാക്കാൻ പല മാനേജ്മെന്റുകളും തയ്യാറാകുന്നില്ല. പലർക്കുമെതിരേ മനുഷ്യത്വരഹിതമായ ശിക്ഷണനടപടികൾ സ്വീകരിക്കുക പതിവാണെന്ന ആക്ഷേപവും വ്യാപകമാണ്.

11. ഈ രണ്ടു മേഖലകളിലും നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസരിച്ച് സാമൂഹിക പ്രതിജ്ഞാബദ്ധതയോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ അനേകമുണ്ട് എന്ന കാര്യം വിസ്മരിക്കുന്നില്ല. എന്നാൽ പരിഷ്കൃതസമൂഹത്തിനും രാജ്യത്തെ നിയമങ്ങൾക്കും സാമൂഹികനീതിക്കും എതിരായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കാണാതെ പോകുന്നത് നീതിയല്ല. മൂലധനത്തെക്കാൾ പ്രാധാന്യം തൊഴിലാളി

# ഫ്രാൻസിൽ നിന്ന് സ്നേഹപൂർവ്വം



**അസംപ്ഷൻ സന്യാസിനിമാരുടെ ജനറൽ കൗൺസിലർമാർ അഭിവന്ദ്യ ബിഷപ്പിനെ സന്ദർശിച്ചപ്പോൾ സുപ്പീരിയർ സി. മേരിക്കുട്ടിയോടൊത്ത്**

കൾക്ക് നല്കണമെന്നതാണ് സഭയുടെ സാമൂഹികപ്രബോധനം. ഇക്കാര്യത്തിൽ വളരെ നിശിതമായ നിലപാടാണ് പരിശുദ്ധ ഫ്രാൻസിസ് പാപ്പാ സ്വീകരിച്ചിട്ടുള്ളത്. രാജ്യത്തെ നിയമങ്ങൾക്കനുസരിച്ച് ജീവനക്കാരുടെ അവകാശങ്ങളും അന്തസ്സും അഭിമാനവും സംരക്ഷിച്ചുകൊണ്ട് വർദ്ധിത ഗുണനിലവാരത്തോടെ വ്യാപാരസ്ഥാപനങ്ങളും വിദ്യാഭ്യാസസ്ഥാപനങ്ങളും നടത്തിക്കൊണ്ടുപോകാൻ തയ്യാറാവണമെന്ന് ഉടമകളോടും മാനേജ്മെന്റുകളോടും അഭ്യർത്ഥിക്കുന്നു.

12. നിയമങ്ങൾ നടപ്പിലാക്കാനുള്ള ഉത്തരവാദിത്വം സർക്കാരിന്റേതാണെന്ന കാര്യം വിസ്മരിക്കരുത്. നിയമങ്ങൾ രൂപപ്പെടുത്തിയാൽ മാത്രം പോരാ, തൊഴിൽ നിയമങ്ങൾ കർശനമായി നടപ്പിലാക്കാനുള്ള മേൽനോട്ടസംവിധാനങ്ങൾ എത്രയും വേഗം സർക്കാർ രൂപപ്പെടുത്തണം.

13. 'റേരും നോവാരും' മുതൽതന്നെ തൊഴിലാളിസംഘാടനത്തിന്റെ ആവശ്യകത തിരുസ്സഭ ആഹ്വാനം ചെയ്യുന്നുണ്ട്. (സത്യത്തിൽ സ്നേഹം 25). പാർശ്വവത്കരിക്കപ്പെട്ടിട്ടുള്ള അസംഘടിതതൊഴിലാളികളുടെ

സംഘാടനത്തിന് കേന്ദ്രട്രേഡ് യൂണിയനുകളും വേണ്ടപോലെ താത്പര്യമെടുക്കുന്നില്ലായെന്നതാണ് സത്യം. വിശാലമായ തൊഴിലാളി താത്പര്യങ്ങൾക്ക് പകരം രാഷ്ട്രീയകക്ഷികളുടെ പോഷക സംഘടനകളായി മാത്രം ഇവ ചുരുങ്ങുന്നുണ്ടോ എന്ന് പരിശോധിക്കണം.

14. അതുപൊലെതന്നെ കേരളം അതീവഗൗരവത്തോടെ ശ്രദ്ധകൊടുക്കേണ്ട ഒരു മേഖലയാണ് അന്യസംസ്ഥാനതൊഴിലാളികളുടേത്. ഇരുപത്തിയഞ്ച് ലക്ഷത്തിൽപ്പരം അന്യസംസ്ഥാനതൊഴിലാളികൾ കേരളത്തിലുണ്ടെന്നാണ് സർക്കാരിന്റെ കണക്കുകൾ പറയുന്നത്. ഈ വിഭാഗം തൊഴിലാളികളുടെ ജീവിതാവസ്ഥ വളരെ ശോചനീയമാണ്. നിലവാരമില്ലാത്ത വാസസ്ഥലം, കുറഞ്ഞ കൂലി, അസുരക്ഷിതവും അനാരോഗ്യകരവുമായ തൊഴിൽ സ്ഥലം, ചൂഷണം എന്നിവ അന്യസംസ്ഥാനതൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങളാണ്. മലയാളികളുടെ വിവേചനപരമായ മനോഭാവവും പ്രശ്നംതന്നെയാണ്. ഇക്കാര്യത്തിലും സംസ്ഥാനസർക്കാരിന്റെ ക്രിയാത്മകമായ ഇടപെടലുകൾ അനിവാര്യമാണ്. മാനുഷികമായ പരിഗണന ഇവർക്ക് ലഭ്യമാക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ സന്നദ്ധസംഘടനകളും ക്രിയാത്മകമായ നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

15. നമ്മുടെ രാഷ്ട്രം ഒരു പൊതുതിരഞ്ഞെടുപ്പിന്റെ പ്രക്രിയയിലൂടെ കടന്നുപോയിക്കൊണ്ടിരിക്കുകയാണ്. രാഷ്ട്രപിതാവ് മഹാത്മഗാന്ധിജിയും മറ്റു സ്വാതന്ത്ര്യസമരസേനാനികളും സ്വപ്നംകണ്ടതും ഭരണഘടന വിഭാവനം ചെയ്യുന്നതുമായ സാമൂഹികനീതിയുടെയും സാഹോദര്യത്തിന്റെയും തലങ്ങളിലേക്ക് രാഷ്ട്രത്തെ നയിക്കാൻ പ്രാപ്തിയുള്ള ഒരു സർക്കാർ ഉണ്ടാകേണ്ടിയിരിക്കുന്നു. അതിനു തൊഴിലാളികൾ മുൻകൈയെടുക്കണം. 2011-ലെ സ്ഥിതിവിവരക്കണക്കനുസരിച്ച് 48.767 കോടി തൊഴിലാളികളാണ് ഇന്ത്യയിൽ ഉള്ളത്. ഇവരിൽ 93 ശതമാനംപേരും തൊഴിൽസുരക്ഷ, സാമൂഹികസുരക്ഷ, നിയമപരിരക്ഷ എന്നിവ ലഭിക്കാത്ത അസംഘടിത തൊഴിലാളികളാണ്. നമ്മുടെ രാഷ്ട്രപുരോഗതിക്ക് നേതൃത്വം നൽകുന്ന ഇവരുടെ വളർച്ചയ്ക്കുള്ള പദ്ധതികൾ പുതിയ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കണം. അന്താരാഷ്ട്ര തൊഴിൽ സംഘടനയിൽ ഇന്ത്യ അംഗമാണെന്നിരിക്കെ ഐഎൽഒ യുടെ പല കൺവെൻഷനുകളും ഭാരത സർക്കാർ ഇന്നും പ്രാബല്യത്തിലാക്കിയിട്ടില്ല എന്നത് ഖേദകരമാണ്. ഗാർഹികതൊഴിലാളികൾക്ക് വേണ്ടിയുള്ള 189-ാം നമ്പർ

# പാഠം തല്ലിപ്പഠിച്ചും ചൊല്ലിപ്പഠിച്ചും



*സുൽത്താൻപേട്ട് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ പീറ്റർ അബീർ പിതാവ് മലയാളം പഠിക്കുന്നു. കോഴിക്കോട് ബിഷപ്സ് ഹൗസിൽ ഒരാഴ്ചയോളം താമസിച്ച് മലയാളം പഠിക്കാൻ വന്ന ബിഷപ്പിന്റെ അദ്ധ്യാപിക സി. എക്ടോറിയ ആയിരുന്നു.*

കൺവെൻഷൻ ഉൾപ്പെടെ എല്ലാം എത്രയുംവേഗം പ്രാബല്യത്തിലാക്കുക എന്നതാണ് പുതിയ കേന്ദ്രസർക്കാരിന്റെ മുന്നിലുള്ള ചുമതല.

16. കെസിബിസി തൊഴിൽകാര്യകമ്മീഷന്റെ ഔദ്യോഗിക സംഘടനയാണ് കേരള ലേബർ മൂവ്മെന്റ്. സർക്കാരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സാമൂഹിക സന്നദ്ധസംഘടനയാണിത്. അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശക്തീകരണത്തിനുംവേണ്ടി പ്രവർത്തിക്കുന്ന കെഎൽഎം-ന്റെ നേതൃത്വത്തിൽ കെട്ടിടനിർമ്മാണതൊഴിലാളികൾ, ഗാർഹികതൊഴിലാളികൾ, തയ്യൽതൊഴിലാളികൾ, ചെറുകിടതോട്ടം തൊഴിലാളികൾ, കർഷകതൊഴിലാളികൾ, മോട്ടോർവാഹനതൊഴിലാളികൾ എന്നിവർക്കായി ആറു തൊഴിലാളി ഫോറങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. മത്സ്യതൊഴിലാളികൾ, പീടിക തൊഴിലാളികൾ എന്നിവർക്കുവേണ്ടിയുള്ള രണ്ട് തൊഴിലാളി ഫോറങ്ങൾ ഈ വർഷം പ്രവർത്തനം തുടങ്ങുന്നതാണ്. കേന്ദ്രസംസ്ഥാന സർക്കാരുകളുടെ വിവിധ സാമൂഹിക സുരക്ഷാപദ്ധതികൾ തൊഴിലാളികളെ അംഗങ്ങളാക്കാൻ കെഎൽഎം മുൻകൈയെടുത്തു

പ്രവർത്തിച്ചുവരുന്നു. ധാരാളം തൊഴിലാളികളെ കേന്ദ്രസർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പെൻഷൻ പദ്ധതിയിലും അപകട ഇൻഷൂറൻസ് പദ്ധതിയിലും അംഗങ്ങളാക്കി മാറ്റാനും ആനുകൂല്യങ്ങൾ നേടിക്കൊടുക്കാനും കെഎൽഎം-ന് കഴിഞ്ഞിട്ടുണ്ട്. അതുപോലെ തന്നെ സംസ്ഥാനസർക്കാരിന്റെ നേതൃത്വത്തിലുള്ള വിവിധ തൊഴിലാളിക്ഷേമപദ്ധതികളിലും തൊഴിലാളികളെ അംഗങ്ങളാക്കാൻ സാധിച്ചു.

17. കേരള കത്തോലിക്കാമെത്രാൻസമിതിയുടെ (കെസിബിസി) നിർദ്ദേശാനുസരണം സഭാസ്ഥാപനങ്ങളിലെ ശുശ്രൂഷികൾക്കും ജീവനക്കാർക്കുമായി കെഎൽഎം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സാമൂഹികസുരക്ഷാ പദ്ധതിക്ക് അനുകൂലമായ പ്രതികരണമാണ് ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാൻ അതിയായ സന്തോഷമുണ്ട്. എന്നാൽ, ഈ സാമൂഹിക സുരക്ഷാപദ്ധതിയുടെ ഗുണഭോക്താക്കളാകാത്ത നിരവധി സ്ഥാപനങ്ങൾ ഇനിയും ഉണ്ടെന്നു മനസ്സിലാക്കുന്നു. 2014 വർഷത്തിൽ തന്നെ എല്ലാ സഭാജീവനക്കാരിലേക്കും 'കെഎൽഎം സുരക്ഷ' വ്യാപിപ്പിക്കണം എന്നാണ് ആഗ്രഹിക്കുന്നത്. അതിനായി ബന്ധപ്പെട്ട എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

18. കേരള കത്തോലിക്കാസഭയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളിൽ തൊഴിൽചെയ്യുന്ന ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾക്ക് ഐക്യരൂപം ഉണ്ടാകുന്നതിനുള്ള പീപ്പിൾ മാനേജ്മെന്റ് പോളിസി (പിഎംപി) 2013 ഒക്ടോബർ 25-നു കെസിബിസി പ്രാബല്യത്തിൽ വരുത്തുകയുണ്ടായി. ഈ നയരേഖ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതാണ്. ഇതു മൂലം സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും ഗുണനിലവാരം മെച്ചപ്പെടുന്നതാണ്. പിഎംപി നടപ്പിലാക്കുന്നതിനായി വേണ്ട സഹായങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും രൂപതകൾക്കും സന്ന്യാസസമൂഹങ്ങൾക്കും ലഭ്യമാക്കുന്നതിനായി കെസിബിസി ചുമതലപ്പെടുത്തിയിരിക്കുന്നത് കേരള ലേബർ മൂവ്മെന്റിനെയാണ്. കെഎൽഎം-ന് വേണ്ട എല്ലാ പിന്തുണയും നൽകുവാൻ ബന്ധപ്പെട്ടവരോട് പ്രത്യേകം അഭ്യർത്ഥിക്കുന്നു.

19. കത്തോലിക്കാസഭയുടെ എല്ലാ സാമൂഹിക ശുശ്രൂഷകളെയുംപോലെ കെഎൽഎം-ന്റെ പ്രവർത്തനവും ജാതിമതങ്ങൾക്കതീതമായി എല്ലാ വിഭാഗം തൊഴിലാളികളെയും ലക്ഷ്യം വച്ചുകൊണ്ടുള്ളതാകുന്നു. കെഎൽഎം-ന്റെയും തൊഴിലാളി ഫോറങ്ങളുടെയും പ്രവർത്തനങ്ങൾ എല്ലാ ഇടവകകളിലേക്കും വ്യാപിപ്പിക്കുകയും ശക്തമാക്കു

## ഓർമ്മകുറിപ്പുകൾ



*"ഇന്നലെകളിലൂടെ..." മേരിക്കുന്ന് ഇടവകാംഗം അന്നക്കുട്ടി ടീച്ചർ എഴുതിയ ഇന്നലെകളിലൂടെ എന്ന ഓർമ്മക്കുറിപ്പ് പുസ്തകം പ്രകാശനം ചെയ്യുന്നു.*

കയും വേണം. അസംഘടിത തൊഴിലാളികളുടെ സേവനത്തിനായി എറണാകുളത്ത് കെഎൽഎം-ന്റെ നേതൃത്വത്തിൽ വർക്കേഴ്സ് ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തിച്ചുവരുന്നുണ്ട്. സർക്കാരിൽനിന്നും അസംഘടിത തൊഴിലാളികൾക്ക് ലഭിക്കുന്ന വിവിധ ആനുകൂല്യങ്ങൾ കെഎൽഎം- ന്റെ ഒത്താശയോടെ അവർക്ക് ലഭ്യമാക്കാൻ പരിശ്രമിക്കണം.

20. കെഎൽഎം-ന്റെ സംസ്ഥാനതലപ്രവർത്തനങ്ങൾക്കായി ഈ വർഷം ഒരു ഫണ്ട് ശേഖരണം നടത്തുന്നുണ്ട്. ഇതിന്റെ വിജയത്തിനായി എല്ലാവരുടെയും സഹായസഹകരണം അഭ്യർത്ഥിക്കുന്നു. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

21. മേയ്ദിനത്തോടനുബന്ധിച്ച് ഇടവകകളിൽ തൊഴിലാളികൾക്കുവേണ്ടി പ്രത്യേക ദിവ്യബലി, സെമിനാറുകൾ എന്നിവ നടത്തുന്നത് ഉചിതമായിരിക്കും. തൊഴിലാളികളുടെ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ മുന്നിൽ എല്ലാ തൊഴിലാളികളെയും സമർപ്പിച്ചു പ്രാർത്ഥിക്കുന്നു. ഒരിക്കൽക്കൂടി എല്ലാവർക്കും അന്താരാഷ്ട്ര തൊഴിലാളിദിനത്തിന്റെ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

# 51–ാം ലോകദൈവവിളി ദിനം

## 11 മേയ് 2014, ഈസ്റ്റർ കഴിഞ്ഞ് നാലാം ഞായർ

## ഫ്രാൻസിസ് മാർപാപ്പായുടെ സന്ദേശം

*പ്രമേയം: വിളികൾ: സത്യത്തിന് സാക്ഷ്യം*

പ്രിയ സഹോദരീസഹോദരന്മാരേ,

1. സുവിശേഷത്തിൽ ഇപ്രകാരം പറയുന്നു: യേശു...എല്ലാ നഗരങ്ങളിലും ഗ്രാമങ്ങളിലും ചുറ്റിസഞ്ചരിച്ചു. ജനകൂട്ടങ്ങളെ കണ്ടപ്പോൾ യേശുവിന് അവരുടെ മേൽ കരുണ തോന്നി. അവർ ഇടയനില്ലാത്ത ആടുകളെപ്പോലെ പരിഭ്രാന്തരും നിസ്സഹായരുമായിരുന്നു. അവൻ ശിഷ്യന്മാരോടു പറഞ്ഞു: വിളവധികം; വേലക്കാരോ ചുരുക്കം. അതിനാൽ തന്റെ വിളഭൂമിയിലേക്ക് വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോടു പ്രാർത്ഥിക്കുവിൻ (മത്താ 9:35–38). ഈ വാക്കുകൾ നമ്മെ വിസ്മയിപ്പിക്കുന്നു. കാരണം, ആദ്യം നിലം ഉഴുകയും വിത്തു വിതയ്ക്കുകയും സസ്യങ്ങളെ പോഷിപ്പിക്കുകയും ചെയ്യണമെന്നും പിന്നീട് തക്കസമയം വരുമ്പോൾ സമൃദ്ധമായ വിളവു ശേഖരിക്കണമെന്നും നമുക്കറിയാം. അതിനു പകരം യേശു പറയുന്നു: വിളവുസമൃദ്ധം. എന്നാൽ ആരാണ് ഈ ഫലം പുറപ്പെടുവിക്കാൻ അധ്വാനിച്ചത്? ഈ ചോദ്യത്തിന് ഒരു ഉത്തരമേ ഉള്ളൂ: ദൈവം.

   യേശു പരാമർശിക്കുന്ന വയൽ മനുഷ്യവംശമാണെന്ന്, നമ്മളാണെന്ന് വ്യക്തം. ധാരാളം ഫലം പുറപ്പെടുവിച്ച കാര്യക്ഷമമായ പ്രവൃത്തി ദൈവത്തിന്റെ കൃപയാണ്; അതായത് ദൈവവുമായുള്ള സംസർഗമാണ് (രള യോഹ 15:5). അതുകൊണ്ട് യേശു സഭയോടു പ്രാർത്ഥിക്കാൻ ആവശ്യപ്പെടുന്നത്, അവിടത്തെ രാജ്യത്തിനു സേവനം ചെയ്യാനുള്ളവരുടെ സംഖ്യ വർധിക്കുന്നതിനുവേണ്ടിയാണ്. ദൈവത്തിന്റെ കൂട്ടു വേലക്കാരിൽ ഒരാളായ വിശുദ്ധ പൗലോസ് സുവിശേഷത്തിനും സഭയ്ക്കും വേണ്ടി നിരന്തരം സ്വയം സമർപ്പിച്ചു. ദൈവത്തിന്റെ നിഗൂഢാത്മകമായ രക്ഷാകരഹിതമെന്താണെന്നും കൃപാവരം ഓരോ ദൈവവിളിയുടെയും പ്രാരംഭമായിരിക്കുന്നതെങ്ങനെയെന്നും വ്യക്തിപരമായി അറിഞ്ഞിട്ടുള്ള ആ അപ്പസ്തോലൻ കോറിന്തോസിലെ ക്രിസ്ത്യാനികളെ ഇങ്ങനെ ഓർമ്മിപ്പിക്കുന്നു: നിങ്ങൾ ദൈവത്തിന്റെ വയലാണ് (1 കോറി 3:9). അതു

കൊണ്ടാണ് ദൈവത്തിനുമാത്രം തരാൻ കഴിയുന്ന സമൃദ്ധമായ വിളവിനെ സംബന്ധിച്ച് നമ്മുടെ ഹൃദയത്തിൽ ആദ്യം അദ്ഭുതം തോന്നുന്നത്. തുടർന്ന് എപ്പോഴും നമ്മുടെ മുമ്പേ പോകുന്ന സ്നേഹത്തെപ്രതിയുള്ള കൃതജ്ഞതയുണ്ടാകുന്നു. അവസാനം അവിടന്നു പൂർത്തിയാക്കിയ പ്രവർത്തനത്തെക്കുറിച്ചുള്ള ആരാധനയുണ്ടാകുന്നു. ആ പ്രവർത്തനത്തിന് അവിടന്നിലും അവിടത്തോടൊപ്പവും അധ്വാനിക്കാൻ നമ്മുടെ സ്വതന്ത്രസമ്മതം ആവശ്യമാണ്.

2. അവിടന്നാണ് നമ്മെ സൃഷ്ടിച്ചത്. നമ്മൾ അവിടത്തേതാണ്. നാം അവിടത്തെ ജനവും അവിടന്ന് മേയ്ക്കുന്ന അജഗണവുമാകുന്നു (സങ്കീ 100:3). അല്ലെങ്കിൽ, കർത്താവു യാക്കോബിനെ തനിക്കായി, ഇസ്രായേലിനെ തന്റെ അവകാശമായി തിരഞ്ഞെടുത്തു (സങ്കീ 135:4). എന്നിങ്ങനെ സങ്കീർത്തകനോടൊപ്പം നാം അനേകം പ്രാവശ്യം പ്രാർത്ഥിച്ചിട്ടുണ്ട്. എന്നാലും നമ്മെ അടിമകളാക്കുന്ന വിധത്തിലല്ല നാം ദൈവത്തിന്റേ തായിരിക്കുന്നത്. മറിച്ച് നമ്മളും ദൈവവും തമ്മിലും നമ്മൾ പരസ്പരവും ഐക്യപ്പെടുന്ന സുശക്തമായ ഒരു ബന്ധമുണ്ട്. ശാശ്വതമായ ഒരു ഉടമ്പടിയനുസരിച്ചാണത്. എന്തെന്നാൽ അവിടത്തെ കാരുണ്യം അനന്തമാണ് (സങ്കീ 136:1). ജെറമിയ പ്രവാചകനെ ദൈവം വിളിച്ച സംഭവം ഇതിന് ഒരു ഉദാഹരണമാണ്. അവിടത്തെ വചനം നമ്മിൽ നിവൃത്തിയാകുന്നതിനുവേണ്ടി അവിടന്ന് നമ്മെ നിരന്തരം നിരീക്ഷിക്കുന്നുവെന്ന് അതു നമ്മെ അനുസ്മരിപ്പിക്കുന്നു. ജാഗ്രതാവൃക്ഷത്തിന്റെ ശാഖയാണ് അവിടത്തെ പ്രതിബിംബം. ആദ്യം പൂക്കുന്ന മരമാണത്. വസന്തകാലത്ത് ജീവന്റെ പുനർ ജനനത്തെ അത് അറിയിക്കുന്നു (ജറെമി 1:11-12). എല്ലാം ദൈവത്തിൽ നിന്നുവരുന്നു. എല്ലാം അവിടത്തെ ദാനമാണ് - ലോകം, ജീവൻ, മരണം, വർത്തമാനകാലം, ഭാവികാലം എന്നിവയെല്ലാം. എന്നാൽ അപ്പസ്തോലൻ നമുക്ക് ഉറപ്പു നല്കുന്നു: നിങ്ങൾ ക്രിസ്തുവിന്റേതാണ്; ക്രിസ്തു ദൈവത്തിന്റേതും (1 കോറി 3:23). അങ്ങനെ ദൈവത്തിന്റേ തായിരിക്കുകയെന്നത് എന്താണെന്നു വ്യക്തമാക്കപ്പെടുന്നു. യേശുവുമായുള്ള അനന്യവും വ്യക്തിപരവുമായ ഒരു ബന്ധത്തിലൂടെ അത് സംഭവിക്കുന്നു. നവജീവിതത്തിലേക്കുള്ള നമ്മുടെ പുനർജനനത്തിന്റെ ആരംഭം മുതൽ മാമ്മോദീസ മുതൽ, അതു നല്കുന്നു. അതുകൊണ്ട് ക്രിസ്തുവിൽ വിശ്വാസമർപ്പിക്കാൻ അവിടന്നു തന്നെയാണ് നമ്മെ തന്റെ വചനം വഴി വിളിക്കുന്നത്.

പൂർണഹൃദയത്തോടും പൂർണമനസ്സോടും പൂർണശക്തിയോടുംകൂടെ സ്നേഹിച്ചുകൊണ്ട് (മർക്കോ 12:33) അങ്ങനെ ചെയ്യാൻ വിളിക്കുന്നത്.

അതുകൊണ്ട് ഓരോ വിളിയും വിവിധ മാർഗങ്ങളിലുള്ളതാണെങ്കിലും



## ആശംസകൾ

ചെറുപുഷ്പ ബഥനി സന്യാസിനികൾക്ക് പുതിയ പ്രൊവിൻഷ്യൽ. സതേൺ പ്രോവിൻസിന്റെ സുപ്പീരിയറായി **സി. സന്തോഷ് മരിയ ബി. എസ്.** തിരഞ്ഞെടുക്കപ്പെട്ടു. സി. ഗ്രേസി ഇഗ്നേഷ്യസ്, അസിസ്റ്റന്റ് പ്രൊവിൻഷ്യലായും സി. ടെസ്സി മരിയ, സി. ജെസി വർഗീസ്, സി. ഡെയ്സി മണി എന്നിവർ പ്രൊവിൻഷ്യൽ കൗൺസിലർമാരുമായി. പുതിയ പ്രൊവിൻഷ്യലിനും ടീമിനും രൂപതയുടെ ആശംസകൾ.

എപ്പോഴും തന്നിൽനിന്നു തന്നെയുള്ള ഒരു പുറപ്പാട് ആവശ്യപ്പെടുന്നുണ്ട്. ക്രിസ്തുവിലും അവിടത്തെ സുവിശേഷത്തിലും ജീവിതം കേന്ദ്രീകരിക്കുന്നതിനാണത്. വിവാഹജീവിതത്തിലും സമർപ്പിതജീവിതരൂപങ്ങളിലും വൈദിക ജീവിതത്തിലും ദൈവേഷ്ടത്തിനു ചേരാത്ത ചിന്താരീതികളെയും പ്രവർത്തനരീതികളെയും നമ്മൾ കീഴടക്കണം. കർത്താവിനെ ആരാധിക്കുന്നതിലേക്കും സഹോദരീസഹോദരന്മാരിലൂടെ അവിടത്തെ സേവിക്കുന്നതിലേക്കും നയിക്കുന്ന ഒരു പുറപ്പാടാണത് (Address to the International Union of Superiors General, 8 May, 2013). അതുകൊണ്ട് ക്രിസ്തുവിനെ ഹൃദയത്തിൽ ആരാധിക്കാൻ നാമെല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നു (1 പത്രോ 3:15). വചനമാകുന്ന വിത്തിൽ ഉൾക്കൊണ്ടിരിക്കുന്ന കൃപയുടെ പ്രചോദനത്താൽ സ്പർശിക്കപ്പെടാൻ സ്വയം അനുവദിക്കുന്നതിനാണത്. ആ വിത്ത് നമ്മിൽ വളരുകയും നമ്മുടെ അയൽക്കാരനുവേണ്ടിയുള്ള വസ്തുനിഷ്ഠമായ സേവനമായി അത് പരിണമിക്കുകയും ചെയ്യാൻ വേണ്ടിയാണത്. നാം ഭയപ്പെടേണ്ടതില്ല. ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും ദൈവം തന്റെ കരവേലയെ തീക്ഷ്ണതയോടും വൈദഗ്ധ്യത്തോടും കൂടി പിന്തുടരുന്നുണ്ട്. അവിടന്നു നമ്മെ ഒരിക്കലും ഉപേക്ഷി ക്കുന്നില്ല. നമ്മെ സംബന്ധിച്ച തന്റെ പദ്ധതിയുടെ നിറവേറൽ അവിടത്തെ ഹൃദയത്തിലുണ്ട്. എന്നാലും നമ്മുടെ സമ്മതത്തോടും സഹകരണത്തോടും കൂടി അതു നിറവേറാൻ അവിടന്ന് ആഗ്രഹിക്കുന്നു.

3. ഇന്നും സാധാരണ ജീവിതത്തിന്റെ പാതകളിലൂടെ യേശു സഞ്ചരിക്കുന്നു. അവസാനത്തെ വ്യക്തി മുതൽ എല്ലാവരുടെയും അടുക്കൽ എത്തിച്ചേരാനും നമമുടെ ദൗർബല്യങ്ങളും രോഗങ്ങളും സുഖപ്പെടുത്താ

നും വേണ്ടിയാണത്. സഭയിൽ മുഴങ്ങുന്ന ക്രിസ്തുവിന്റെ ശബ്ദം ശ്രവിക്കാനും തങ്ങളുടെ വിളി എന്താണെന്നു ഗ്രഹിക്കാനും സന്മനസ്സുള്ളവരിലേക്കു തന്റെ ശ്രദ്ധ തിരിക്കുന്ന, യേശുവിനെ കേൾക്കാനും അവിടത്തെ അനുഗമിക്കാനും അവിടത്തെ വചനം വഴി ആന്തരികമായി രൂപാന്തരപ്പെടാനും ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. അവിടത്തെ വചനങ്ങൾ ആത്മാവും ജീവനുമാണ് (യോഹ 6:62). യേശുവിന്റെയും നമ്മുടെയും അമ്മയായ മറിയവും നമ്മോട് ഇങ്ങനെ പറയുന്നു: അവൻ പറയുന്നതുപോലെ ചെയ്യുവിൻ (യോഹ 2:5). സാമൂഹികമായ യാത്രയിൽ പങ്കുചേരാൻ അതു സഹായക മാകും. നിങ്ങളിലും നിങ്ങളുടെ ചുറ്റുവട്ടത്തുള്ളവരിലും നിങ്ങളുടെ ഊർജം ശരിയായി വിനിയോഗിക്കാൻ അതു കഴിവു നല്കും. യഥാർത്ഥ സഭാത്മകജീവിതത്തിന്റെ സാഹചര്യത്തിൽ, പരസ്പര സേവനമായിത്തീരുന്ന പരസ്പര സ്നേഹത്തിന്റെ പരിപോഷിതമായ വയലിലുണ്ടാകുന്ന ഫലമാണ് ദൈവവിളി. ഒരു വിളിയും സ്വയം ജനിക്കുന്നില്ല. തനിക്കു വേണ്ടിത്തന്നെ ജനിക്കുന്നില്ല. വിളി ദൈവത്തിന്റെ ഹൃദയത്തിൽ നിന്നു പ്രവഹിക്കുന്നു. വിശ്വാസമുള്ള ജനതയാകുന്ന നല്ല മണ്ണിൽ സഹോദര സ്നേഹത്തിന്റെ അനുഭവത്തിൽ പുഷ്പിക്കുന്നു. നിങ്ങൾക്കു പരസ്പര സ്നേഹ മുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യരാണെന്ന് അതുമൂലം എല്ലാവരും അറിയും (യോഹ 13:35) എന്നു യേശു പറഞ്ഞിട്ടില്ലേ?

4. പ്രിയ സഹോദരീസഹോദരന്മാരേ, സാധാരണ ക്രൈസ്തവജീവിതത്തിന്റെ ഈ ഉന്നതനിലവാരം (cf ജോൺ പോൾ II, നവസഹ്രാബ്ദത്തിന്റെ തുടക്കത്തിൽ, അപ്പസ്തോലിക ലേഖനം, 31) തിരമാലയ്ക്കെതിരേ നീങ്ങുകയെന്നർത്ഥമുള്ളതാണ്. നമ്മിലും നമുക്കു പുറത്തുമുള്ള തടസ്സങ്ങളെ നേരിടുകയെന്നും അതിന് അർത്ഥമുണ്ട്. യേശു നമുക്ക് ഇങ്ങനെ മുന്നറിയിപ്പു നല്കിയിരിക്കുന്നു: ദൈവവചനമാകുന്ന നല്ല വിത്ത് മിക്കപ്പോഴും ദുഷ്ടനാൽ മോഷ്ടിക്കപ്പെടും, പീഡനംകൊണ്ടു തടയപ്പെടും, ലൗകിക താത്പര്യങ്ങളാലും പ്രലോഭനങ്ങളാലും ശ്വാസം മുട്ടിക്കപ്പെടും (cf മത്താ 13:19-22). ഈ പ്രയാസങ്ങൾ നമ്മെ നിരുത്സാഹപ്പെടുത്തിയേക്കും. കൂടുതൽ ആശ്വാസകരമെന്നു തോന്നിക്കുന്ന മാർഗങ്ങളിലേക്ക് നമ്മെ തിരിച്ചു വിളിച്ചേക്കും. എന്നാലും വിളിക്കപ്പെട്ടവരുടെ യഥാർഥ സന്തോഷം അടങ്ങിയിരിക്കുന്നത് കർത്താവു വിശ്വസ്തനാണെന്നും നമുക്കു അവിടത്തോടു കൂടെ സഞ്ചരിക്കാമെന്നും അവിടത്ത ശിഷ്യന്മാരും ദൈവസ്നേഹത്തിന്റെ സാക്ഷികളും ആയിരിക്കാമെന്നും വലിയ ആദർശങ്ങളിലേക്ക്, മഹത്തായ കാര്യങ്ങളിലേക്ക് നമ്മുടെ ഹൃദയം തുറക്കാനാവുമെന്നും വിശ്വസിക്കുകയും അനുഭവിക്കു

കയും ചെയ്യുന്നതിലാണ്. ക്രൈസ്തവരായ നമ്മൾ ചെറിയ കാര്യങ്ങൾക്കായി കർത്താവു തിരഞ്ഞെടുത്തവരല്ല. ഏറ്റവും ഉന്നതമായ തത്ത്വങ്ങളിലേക്ക് മുന്നേറുവിൻ. ഉന്നതാദർശങ്ങൾക്ക് ജീവിതം പണയം വയ്ക്കുക! (Homily at Holy Mass and the Conferral of the sacrament of Confirmations, 28 April 2013).

ദൈവവിളിപരമായ അജപാലനപദ്ധതിയെ ഈ ലക്ഷ്യമുള്ളതാക്കാൻ മെത്രാന്മാരോടും വൈദികരോടും സന്ന്യസ്തരോടും ക്രൈസ്തസമൂഹങ്ങളോടും കുടുംബങ്ങളോടും ഞാൻ ആവശ്യപ്പെടുന്നു. അപ്രകാരം ചെയ്യുന്നതാകട്ടെ, വിശുദ്ധിയുടെ മാർഗത്തിലൂടെ യുവജനങ്ങളോടൊപ്പം സഞ്ചരിച്ചുകൊണ്ടായിരിക്കണം. ആ മാർഗങ്ങൾ വ്യക്തിപരമാണ്. അത് വിശുദ്ധിയിലുള്ള യഥാർത്ഥ പരിശീലനത്തിനായുള്ള വിളിയാണ്. ആ പരിശീലനം ഓരോ വ്യക്തിയുടെയും ആവശ്യത്തിനു ചേർന്നതാക്കാൻ കഴിയുന്നതാണ്. വ്യക്തികളും ഗ്രൂപ്പുകളും ഓരോ വ്യക്തിക്കും നല്കുന്ന പരമ്പരാഗതരൂപങ്ങളെയും ആധുനികകാലത്ത് സഭ അംഗീകരിച്ചിട്ടുള്ള സംഘടനകളും പ്രസ്ഥാനങ്ങളും നല്കുന്ന വിഭവങ്ങളെയും ഒന്നിപ്പിക്കുന്നതു മായിരിക്കണം. പ്രസ്തുത പരിശീലനം (ആസന്നമായ മൂന്നാം സഹസ്രാബ്ദം, 31).

അതുകൊണ്ട് നമ്മുടെ ഹൃദയം വചനം ശ്രവിച്ചും സ്വീകരിച്ചും ജീവിച്ചും ഫലപൂർണമായിത്തീരുന്ന നല്ല മണ്ണായി പരിണമിക്കാൻ ശ്രമിക്കാം. പ്രാർത്ഥന, വിശുദ്ധലിഖിതങ്ങൾ, ദിവ്യകാരുണ്യം, സഭയിലും സാഹോദര്യത്തിലും ആഘോഷിക്കപ്പെടുകയും ജീവിക്കപ്പെടുകയും ചെയ്യുന്ന കൂദാശകൾ എന്നിവയോടു നമ്മെ കൂടുതൽ ഐക്യപ്പെടുത്താം. ആ ഐക്യത്തിലുള്ള വളർച്ചയനുസരിച്ച് ദൈവവുമായി സഹകരി ക്കുന്നതിലുള്ള സന്തോഷം നമ്മിൽ വർധിക്കും. കാരുണ്യത്തിന്റെയും സത്യത്തിന്റെയും നീതിയുടെയും സമാധാനത്തിന്റെയും ദൈവരാജ്യത്തിനുള്ള സേവനത്തിൽ ദൈവവുമായുള്ള സഹകരണമാണത്. അപ്പോൾ വിളവു സമൃദ്ധമാകും. നമ്മുടെ ഹൃദയത്തിലേക്ക് നമ്മൾ വിനയപൂർവം സ്വീകരിച്ച ദൈവികകൃപയ്ക്കു ആനുപാതികമായി വിളവു സമൃദ്ധമാകും.

ഈ ആഗ്രഹത്തോടെ, എനിക്കുവേണ്ടി പ്രാർത്ഥിക്കാൻ നിങ്ങളോട് അഭ്യർത്ഥിച്ചുകൊണ്ട്, നിങ്ങൾക്ക്

എല്ലാവർക്കും ഞാൻ ഹൃദയപൂർവം അപ്പസ്തോലികാശീർവാദം നല്കുന്നു.

**ഫ്രാൻസിസ് മാർപാപ്പാ**

**വത്തിക്കാനിൽ നിന്ന്, 2014 ജനുവരി 15**

# കണ്ണൂരിന്റെ യാത്രാമൊഴി...

നീണ്ട പതിമൂന്ന് വർഷം കണ്ണൂർരൂപതയുടെ പ്രഥമ മെത്രാനായി രൂപതയെ നയിക്കുകയും വളർത്തുകയും ചെയ്ത അഭിവന്ദ്യ വർഗ്ഗീസ് പിതാവിന് കണ്ണൂർ രൂപതയുടെ യാത്രാമൊഴി. യാത്രയയപ്പ് യോഗത്തിൽ തലശ്ശേരി അതിരൂപത മെത്രാൻ മാർ ജോർജ്ജ് വലിയമറ്റം പിതാവിന്റെ പ്രസംഗ റിപ്പോർട്ട് സൺഡേ ഷാലോം പ്രസിദ്ധീകരിച്ചത് താഴെ കൊടുക്കുന്നു. ഒപ്പം ജനപ്രതിനിധികളുടെ പ്രസംഗ സംക്ഷിപ്തവും.



## ജനമനസ്സുകൾ കീഴടക്കിയ വ്യക്തിയാണ് ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ

**മാർ ജോർജ് വലിയമറ്റം**

കണ്ണൂർ: വന്നു, കണ്ടു, കീഴടക്കി എന്ന ചൊല്ലുപോലെ ബിഷപ്പ് ഡോ. വർഗീസ് ചക്കാലയ്ക്കൽ കണ്ണൂരുകാരുടെ ഹൃദയത്തിൽ ഇടം നേടുകയും നാടാകെ നിറഞ്ഞുനിൽക്കുകയും ചെയ്തുവെന്ന് തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോർജ് വലിയമറ്റം.

കണ്ണൂർ രൂപതാദ്ധ്യക്ഷ സ്ഥാനമൊഴിഞ്ഞ കോഴിക്കോട് ബിഷപ്പ് ഡോ. വർഗീസ് ചക്കാലയ്ക്കലിനുള്ള യാത്രയയപ്പും കണ്ണൂർ രൂപതയുടെ ബിഷപ് ഡോ. അലക്സ് വടക്കുംതലയ്ക്കുള്ള സ്വീകരണവും കണ്ണൂർ സ്റ്റേഡിയം കോർണറിൽ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

നല്ല ഇടയന്റെ വിശേഷഗുണങ്ങളെല്ലാം തികഞ്ഞ പിതാവും സ്നേഹസംസ്കാരത്തിന്റെ പ്രവാചകനുമാണ് ബിഷപ് വർഗീസ് ചക്കാലയ്ക്കലെന്ന് മാർ വലിയമറ്റം പറഞ്ഞു.

ജാതി-മതഭേദമെന്യേ എല്ലാവർക്കുംവേണ്ടി പ്രവർത്തിച്ച ഡോ. ചക്കാലയ്ക്കലിനെ കണ്ണൂർ ജനത മറക്കില്ല. ഒരു നൂറ്റാണ്ടുകൊണ്ട് ചെയ്യാവുന്ന കാര്യങ്ങൾ 15 വർഷംകൊണ്ട് കണ്ണൂർ രൂപതയ്ക്കും നാടി

നുമായി ചെയ്തശേഷമാണ് അദ്ദേഹം കണ്ണൂരിൽനിന്ന് യാത്ര പറയുന്നത്. കണ്ണൂരിൽനിന്ന് പോവുകയാണെങ്കിലും ഇവിടത്തുകാരുടെ ഹൃദയങ്ങളിൽ അദ്ദേഹം തുടർന്നുമുണ്ടാകും. ബിഷപ്പ് ചക്കാലയ്ക്കലിന്റെ അഭാവംമൂലമുണ്ടാകുന്ന വിടവ് നികത്താൻ കഴിയുന്ന പിതാവാണ് കണ്ണൂരിന്റെ പുതിയ ഇടയനായ ഡോ. അലക്സ് വടക്കുംതലയെന്നും മാർ.വലിയമറ്റം പറഞ്ഞു.

കണ്ണൂരിന്റെ ഹൃദയം കവർന്ന പിതാവാണ് ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കലെന്ന് ദിവസങ്ങൾക്കുള്ളിൽത്തന്നെ എനിക്ക് ബോധ്യമായെന്ന് അധ്യക്ഷപ്രസംഗത്തിൽ ബിഷപ്പ് ഡോ. അലക്സ് വടക്കുംതല പറഞ്ഞു. കണ്ണൂർ രൂപതയുടെ സർവ്വോന്മുഖമായ വളർച്ചയ്ക്കായി വലിയ സംഭാവനകൾ നൽകിയശേഷമാണ് അദ്ദേഹം സ്ഥലം മാറിപ്പോകുന്നത്. രൂപതാംഗങ്ങളുടെ ഹൃദയത്തിൽ മാത്രമല്ല എല്ലാ വിഭാഗം ആളുകളുടേയും മനസ്സിൽ കയറിപ്പറ്റാൻ അദ്ദേഹത്തിന് കഴിഞ്ഞു. അദ്ദേഹം തെളിച്ചുവച്ച സ്നേഹത്തിന്റെയും സാന്ത്വനത്തിന്റെയും പ്രകാശം ഇവിടെ ജ്വലിച്ചുനിൽക്കും. ആ പ്രകാശം കെടാതെ സൂക്ഷിക്കാൻ താൻ പ്രതിജ്ഞാബദ്ധനാണെന്നും ബിഷപ്പ് വടക്കുംതല പറഞ്ഞു.

കണ്ണൂർ ജനതയുടെ മനസ്സ് കീഴടക്കിയ പിതാവായിരുന്നു ബിഷപ്പ് ഡോ. വർഗീസ് ചക്കാലയ്ക്കലെന്ന് ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്ത മന്ത്രി കെ.സി.ജോസഫ് പറഞ്ഞു. ഏതെങ്കിലുമൊരു സഭയുടെ അധ്യക്ഷൻ മുഴുവൻ ജനങ്ങളുടെയും ആരാധനാപാത്രമാകുന്നത് അപൂർവ സംഭവമാണ്. എന്നാൽ ബിഷപ്പ് ചക്കാലയ്ക്കൽ ആ അപൂർവ ബഹുമതിക്ക് അർഹനായി. കണ്ണൂർ രൂപതയുടെ ആരംഭഘട്ടത്തിൽ മെത്രാനായ അദ്ദേഹത്തിന് രൂപതയ്ക്കായി എല്ലാ സൗകര്യങ്ങളുമുണ്ടാക്കാൻ സാധിച്ചു. അദ്ദേഹത്തിന് എന്തുകൊണ്ടും അനുയോജ്യനായ പിൻഗാമിയാണ് അലക്സ് വടക്കുംതലയെന്നും മന്ത്രി പറഞ്ഞു.

ബഹുമുഖ കഴിവുകളുള്ള ബിഷപ്പ് ചക്കാലയ്ക്കൽ കണ്ണൂർ രൂപതയ്ക്ക് അസൂയാവഹമായ വളർച്ചയാണ് സമ്മാനിച്ചതെന്ന് മുഖ്യപ്രഭാഷണം നടത്തിയ കെ.സുധാകരൻ എം.പി. പറഞ്ഞു.

മികച്ച സംഘാടകനും വാഗ്മിയും പണ്ഡിതനും എല്ലാറ്റിലുമുപരി മനുഷ്യസ്നേഹിയുമായ പിതാവിന്റെ ചിത്രം ജനങ്ങളുടെ മനസ്സിൽനിന്ന് മാഞ്ഞുപോകില്ല. സംഘർഷഘട്ടങ്ങളിൽ സമാധാനമുണ്ടാക്കാൻ പര്യാപ്തമായിരുന്നു അദ്ദേഹത്തിന്റെ സാന്നിധ്യം. ഹൃദ്യമായ പുഞ്ചിരികൊണ്ടും നർമം സ്ഫുരിക്കുന്ന വാക്കുകൾകൊണ്ടും അദ്ദേഹം


മെത്രാഭിഷേകം 2014 മാർച്ച് 23, കണ്ണൂർ














സുൽത്താൻപേട്ട് മെത്രാൻ അഭിവന്ദ്യ പീറ്റർ പിതാവിന്റെ ജന്മ ദിനം മാർച്ച് 7-ാം തിയ്യതി കോഴിക്കോട് ബിഷപ്പ്സ് ഹൗസിൽവെച്ച് ആഘോഷിച്ചു.

എല്ലാ മനുഷ്യരെയും തന്നിലേക്ക് അടുപ്പിച്ചെന്നും സുധാകരൻ ചൂണ്ടിക്കാട്ടി. പുതിയ ഇടയന് കണ്ണൂർ പൗരാവലിയുടെ എല്ലാവിധ പിൻതുണയും അദ്ദേഹം വാഗ്ദാനം ചെയ്തു.

കണ്ണൂർ തനിക്ക് നൽകിയത് നല്ല ഓർമകൾ മാത്രമായിരുന്നുവെന്ന് ബിഷപ്പ് ഡോ. വർഗീസ് ചക്കാലയ്ക്കൽ മറുപടിപ്രസംഗത്തിൽ പറഞ്ഞു.

സ്നേഹസംസ്ക്കാരമുള്ള നാടാണിത്. സ്നേഹിക്കുന്നവരെ ഇത്രയധികം തിരിച്ചു സ്നേഹിക്കുന്ന ഒരു ജനതയെ കാണില്ല. സ്നേഹവിപ്ലവം സാക്ഷാത്ക്കരിക്കാനാണ് ഞാൻ ശ്രമിച്ചത്. ഇന്നാട്ടുകാരുടെ ഹൃദയത്തിൽ തനിക്ക് സ്ഥാനം ലഭിക്കാൻ ഇടയായതിൽ താൻ ധന്യനാണെന്ന് ബിഷപ്പ് ഡോ. ചക്കാലയ്ക്കൽ പറഞ്ഞു.

സണ്ണി ജോസഫ് എം.എൽ.എ., ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് പ്രൊഫ. കെ.എ.സരള, സ്വാമിനി അപൂർവാനന്ദ, അബ്ദുൾ റഹ്മാൻ, ആന്റണി നൊറോണ, പുഷ്പ ക്രിസ്റ്റി എന്നിവർ ആശംസകളർപ്പിച്ചു.

പി.പി.ലക്ഷ്മണൻ, ഫാ.സ്കറിയ കല്ലൂർ, കെ.എസ്. ജയമോഹൻ എന്നിവർ ഡോ. ചക്കാലയ്ക്കലിന് ഉപഹാരങ്ങൾ അർപ്പിച്ചു. മോൺ ദേവസി ഈരത്തറ സ്വാഗതവും ആർ. പ്രഭാകരൻ നന്ദിയും പറഞ്ഞു.

കണ്ണൂർ രൂപതയും കണ്ണൂർ പൗരാവലിയും സംയുക്തമായാണ് യാത്രയയപ്പും സ്വീകരണവും ഒരുക്കിയത്. രാവിലെ ബർണശേരി കത്തീഡ്രൽ ദേവാലയത്തിൽ ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ രൂപതയിലെ വൈദീകരോടൊപ്പം കൃതജ്ഞതാ ദിവ്യബലിയർപ്പിച്ചു.

# കണ്ണൂരിന്റെ ജനകീയ മെത്രാൻ ഇനി കോഴിക്കോടിനു സ്വന്തം

**സി.കെ. കുര്യാച്ചൻ**

കണ്ണൂർ: കണ്ണൂർ നഗരത്തിൽ വസിക്കാൻ ഒരു മെത്രാൻ എത്തുന്നത് 1999 ഫെബ്രുവരി എട്ടിനായിരുന്നു. സുസ്മേരവദനനായി എത്തിയ അദ്ദേഹം ഇന്നാട്ടുകാരുടെയാകെ മനംകവർന്നു. യുവത്വം തുളുമ്പി നിൽക്കുന്ന ബിഷപ്പിനെ കണ്ണൂരുകാർ സ്നേഹത്താൽ വീർപ്പുമുട്ടിച്ചു. ഒന്നര പതിറ്റാണ്ടുകാലം കണ്ണൂരുകാരുടെ സ്വന്തം ബിഷപ്പായി ഡോ. വർഗീസ് ചക്കാലയ്ക്കൽ ഇവിടെ പ്രവർത്തിച്ചു. അനേകംപേരെ സുഹൃത്തുക്കളാക്കി മാറ്റി. ആയിരങ്ങൾക്ക് ആശ്വാസദായകനായി. കണ്ണൂരിൽ പുതിയൊരു സ്നേഹസംസ്കാരം വളർത്തിയെടുക്കാൻ അക്ഷീണം യത്നിച്ചു. അങ്ങനെ കണ്ണൂരിന്റെ ജനകീയ ബിഷപ്പായി ഡോ. ചക്കാലയ്ക്കൽ മാറി.

നൂറ്റാണ്ടുകളുടെ പാരമ്പര്യമുണ്ടായിരുന്ന കണ്ണൂരിലെ ലത്തീൻ കത്തോലിക്കർക്ക് രൂപത അനുവദിച്ചുകിട്ടിയത് 1998 നവംബർ അഞ്ചിനായിരുന്നു. 1999 ഫെബ്രുവരി ഏഴിന് പുതിയ മെത്രാനായി ഡോ. ചക്കാലക്കലും അഭിഷിക്തനായി. അന്നുമുതൽ ഡോ. ചക്കാലയ്ക്കൽ കണ്ണൂരിന്റെ മനംകവർന്നുതുടങ്ങിയതാണ്. വടക്ക് ചന്ദ്രഗിരിപ്പുഴ മുതൽ തെക്ക് മയ്യഴിപ്പുഴവരെ അതിരുകളുള്ള കണ്ണൂർ രൂപതയിൽ ഒതുങ്ങുന്നതായിരുന്നില്ല ഡോ. ചക്കാലയ്ക്കലിന്റെ പ്രവർത്തനമണ്ഡലം. അദ്ദേഹത്തെ തേടി ക്രൈസ്തവർ മാത്രമല്ല ഹൈന്ദവ, മുസ്ലിം സഹോദരർ ധാരാളമായി എത്തി. ഡോ. ചക്കാലയ്ക്കലിന്റെ വാക്കുകൾക്കായി അവർ കാതോർത്തു. എല്ലാ രാഷ്ട്രീയ പാർട്ടി നേതാക്കളും അദ്ദേഹത്തെ ഒരുപോലെ സ്നേഹിച്ചു. അദ്ദേഹം തങ്ങളുടെ പാർട്ടിയെ പിൻതുണയ്ക്കുമെന്ന് എല്ലാ പാർട്ടിക്കാരും വിശ്വസിച്ചു.

കേൾവിക്കാർക്ക് മുമ്പിൽ പ്രസംഗം മാത്രമല്ല, ഇമ്പമേറുന്ന ഗാനങ്ങൾ ആലപിച്ചും അദ്ദേഹം വ്യത്യസ്തനായി. കണ്ണൂരിലെ മാധ്യമപ്രവർത്തകരെയെല്ലാം പേരുചൊല്ലി വിളിക്കാൻ മാത്രം അടുപ്പം അദ്ദേഹത്തിനുണ്ട്. മുടങ്ങാതെ എല്ലാ വർഷവും അവർക്കായി ക്രിസ്മസ് ആഘോഷം ഒരുക്കാൻ അദ്ദേഹം കാട്ടിയ താൽപര്യം പ്രത്യേകം ശ്രദ്ധേയമായി.

യാതൊരുവിധ അധികാര ഗർവും കാട്ടാതെ കണ്ടുമുട്ടിയവരോ




നോൻപ് കാലത്ത് കോഴിക്കോട് ഫൊറോനയിൽ നടത്താറുള്ള 40 മണിക്കൂർ ദിവ്യകാരുണ്യ ആരാധന കോഴിക്കോട് സെന്റ് ജോസഫ്സ് ദേവാലയത്തിൽവെച്ച് നടത്തി. ഫൊറോനയിലെ വൈദികരും ഇടവകകളും സ്ഥാപനങ്ങളും പങ്കെടുത്തു.

ടെല്ലാം സ്നേഹാന്വേഷണങ്ങൾ നടത്താനും വേദനിക്കുന്നവരെ ചെന്നു കണ്ട് ആശ്വസിപ്പിക്കാനും അദ്ദേഹം ധാരാളം സമയം കണ്ടെത്തി. ജാതി -മത-രാഷ്ട്രീയ വേലിക്കെട്ടുകൾ ഇല്ലാതെ അദ്ദേഹം ജനങ്ങൾക്കൊപ്പം നിലകൊണ്ടു. കോഴിക്കോട് രൂപത വിഭജിച്ച് ജോൺ പോൾ രണ്ടാമൻ മാർപാപ്പ കണ്ണൂർ രൂപത പ്രഖ്യാപിക്കുമ്പോൾ വിശ്വാസ സമൂഹം സന്തോഷിച്ചു. അടിയുറച്ച ദൈവവിശ്വാസം മാത്രം കൈമുതലാക്കിയ അജഗണം തങ്ങളെ നയിക്കാൻ നിയുക്തനായ മെത്രാനിൽ വലിയ പ്രതീക്ഷകളാണ് അർപ്പിച്ചത്. ആ പ്രതീക്ഷകളൊക്കെ അന്വർഥമാക്കുന്ന പ്രവർത്തനങ്ങളാണ് അർപ്പിച്ചത്. ആ പ്രതീക്ഷകളൊക്കെ അന്വർഥമാക്കുന്ന പ്രവർത്തനങ്ങളാണ് ഒന്നര പതിറ്റാണ്ടുകൊണ്ട് അദ്ദേഹം നിർവഹിച്ചത്. രൂപത ആസ്ഥാനത്തിനായി മനോഹരമായ മന്ദിരം പണികഴിപ്പിച്ചു. പ്രൗഢഗംഭീരമായി കത്തീഡ്രൽ ദേവാലയം പുനർനിർമിച്ചു. നിരവധി ദേവാലയങ്ങളും സ്ഥാപനങ്ങളും നിർമിച്ചു. അങ്ങനെ ഭൗതികനേട്ടങ്ങൾ എണ്ണിയാൽ തീരാത്തത്രയാണ്.

ഇതിലൊക്കെ ഉപരിയായി അദ്ദേഹം കണ്ണൂർ രൂപതയെ ഒരു സ്നേഹ കൂട്ടായ്മയായി വളർത്തി. നാടൊട്ടുക്ക് സ്നേഹസന്ദേശം പകർന്നു. കണ്ണൂരിൽ സ്നേഹത്തിന്റെ ബോംബ് വർഷമാണ് വേണ്ടതെന്ന് ഉപദേശിച്ചു. അങ്ങനെ ആബാലവൃദ്ധം ജനങ്ങളുടേയും ഹൃദയത്തിൽ ഇടംതേടി. ഇപ്പോൾ കണ്ണൂർ രൂപതയുടെ അധ്യക്ഷപദമൊഴിഞ്ഞ് അദ്ദേഹം കോഴിക്കോടിന്റെ ബിഷപ്പായി പൂർണമായും മാറുന്നു. കോഴിക്കോട്ടെ പൊതുസമൂഹത്തേയും വിശ്വാസ സമൂഹത്തേയും സ്നേഹത്തിൽ കോർക്കാൻ അദ്ദേഹത്തിന് ഏറെക്കാലം വേണ്ടിവരില്ല.

# പാവനസ്മരണ

കോഴിക്കോട് രൂപതയിലെ മുതിർന്ന വൈദികൻ ഫാ. തോമസ് തട്ടകത്ത് (74) അന്തരിച്ചു. അദ്ദേഹം പൂമല ഹോളി ക്രോസ് ദേവാലയ വികാരി ആയിരുന്നു. മാർച്ച് 29ന് ദേഹാസ്വാസ്ഥ്യം മൂലം കോഴിക്കോട് മിംസ് ആശുപത്രിയിൽ പ്രവേശിപ്പിച്ച അദ്ദേഹം 30-ാം തിയ്യതി



പുലർച്ചെ അന്തരിക്കുകയായിരുന്നു. ആന്തരികാവയവങ്ങളുടെ തകരാറായിരുന്നു മരണകാരണം.

തൃശൂർ ജില്ലയിലെ മാള-പള്ളിപ്പുറം ഗ്രാമത്തിൽ 1939 ഏപ്രിൽ 4നാണ് ഫാ. തട്ടകത്ത് ജനിച്ചത്. അവിടെയുള്ള സെന്റ് ആന്റണീസ് ദേവാലയത്തിൽ പ്രാഥമിക വിദ്യാഭ്യാസവും പൂർത്തിയാക്കി. പത്താംതരം പാസ്സായതിനുശേഷം വൈദികൻ ആകാൻ ആഗ്രഹിച്ച ഫാ.തോമസ് കോഴിക്കോട് രൂപതയിൽ ചേരുകയും അന്നത്തെ രൂപത മെത്രാൻ ഭാഗ്യസ്മരണാർഹൻ ആൽദോ മരിയ പത്രോണി പിതാവ് അദ്ദേഹത്തെ മംഗലാപുരം സെമിനാരിയിലയച്ച് പഠിപ്പിക്കുകയും ചെയ്തു. 1966 ഡിസംബർ 4-ാം തിയ്യതി അഭിവന്ദ്യ പിതാവ് തട്ടകത്തച്ചനെ വൈദികനായ് അഭിഷേചിച്ചു. ഗോതുരുത്ത് സെന്റ് സെബാസ്റ്റ്യൻസ് ദേവാലയത്തിൽ വെച്ചായിരുന്നു വദികപട്ടം നടന്നത്.

കോഴിക്കോട് രൂപതയിലെ ചാലിൽ, പട്ടവം, പിലാത്തറ, മാതമംഗലം, മാനന്തവാടി, നീലേശ്വരം, പയ്യന്നൂർ, കല്ലായി, പള്ളിക്കുന്ന്, വൈത്തിരി, കൽപ്പറ്റ പൂമല തുടങ്ങിയ സ്ഥലങ്ങളിൽ അദ്ദേഹം വൈദികനായ് സേവനം അനുഷ്ഠിച്ചു. രൂപതയിൽ സേവനമനുഷ്ഠിച്ചിരുന്ന പേരുകേട്ട ഇറ്റാലിയൻ മിഷനറിമാരോടൊത്ത് പ്രവർത്തിക്കാനുള്ള ഭാഗ്യം ഫാ. തട്ടകത്തിന് ലഭിച്ചിരുന്നു. അവരുടെ സ്വഭാവ ഗുണങ്ങളിൽ പലതും ആർജിച്ചെടുക്കാനും അച്ചനായി.






## തിരുവോസ്തി മോഷ്ടിക്കപ്പെട്ടു

കോഴിക്കോട് സെന്റ് വിൻസെന്റ് കോളനി സ്കൂൾ ചാപ്പലിൽനിന്നും തിരുവോസ്തിയും അത് അടക്കം ചെയ്ത പേടകം അടക്കം മതിൽ കുത്തി ത്തുറന്ന് മോഷണം നടത്തിയ ദുഃഖകരമായ സംഭവത്തിൽ പ്രതിഷേധിച്ച് കോഴിക്കോട് നഗരത്തിലെ കത്തോലിക്കർ സെന്റ് ജോസഫ് ദേവാലയ ത്തിൽനിന്നും സെന്റ് വിൻസെന്റ് കോളനി ചാപ്പലിലേക്ക് പരിഹാര പ്രാർത്ഥനാ റാലി നടത്തി.

താൻ പ്രവർത്തിച്ച ഇടങ്ങളി ലെല്ലാം പാവപ്പെട്ടവരോടും അശ രണരോടും പ്രത്യേകം കാരുണ്യം കാണിക്കുവാൻ ഫാ. തട്ടകത്ത് ശ്രദ്ധിച്ചിരുന്നു. വീടില്ലാത്ത പലർക്കും വീടുകൾ വെച്ച് നൽകി. രൂപതയിലെ പല പള്ളികളും മന്ദി രങ്ങളും പണിയിക്കുകയോ പുനർനിർമിക്കുകയോ ചെയ്തു. ദീനസേവ സഭ സ്ഥാപക മദർ പേത്രയോടൊപ്പം സഭയുടെ ആരംഭ ദശയിൽ പ്രവർത്തിക്കു വാൻ അച്ചന് സാധിച്ചു.

അച്ചന്റെ ജീവിതത്തിലെ നൻമകൾ ദൈവത്തിന് സമർപ്പിച്ചു കൊണ്ട് നമുക്ക് പ്രാർത്ഥിക്കാം. അച്ചന്റെ ആത്മാവിന് ദൈവം നിത്യശാന്തി നൽകട്ടെ.




## വത്തിക്കാൻ കൗൺസിലും നവീകരണവും

കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്രിസ്ത്യൻ ചെയർ സംഘടിപ്പിച്ച സെമിനാറിൽ വത്തിക്കാൻ കൗൺസിലും നവീകരണവും എന്ന വിഷയത്തെ സംബന്ധിച്ച് അഭിവന്ദ്യ വർഗ്ഗീസ് പിതാവ് പ്രബന്ധം അവതരിപ്പിക്കുന്നു. യൂണിവേഴ്സിറ്റി വൈസ് ചാൻസിലറും കാനഡയിൽനിന്നും ബെൽജിയത്തിൽനിന്നും വന്ന റിസോഴ്സ് പേഴ്സൺസും വൈദീകരും സിസ്റ്റർമാരും വിദ്യാർത്ഥികളും അടങ്ങിയ വലിയൊരു സദസ്സും സന്നിഹിതരായിരുന്നു.



# വചന നാളം

കോഴിക്കോട് രൂപത വേദപാഠം ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ രൂപതയിൽ ഉടനീളം നടത്തിയ അവധിക്കാല വേദപഠന പരിപാടികൾ 'വചനനാളം' പുത്തൻ ഉണർവ്വായി. രൂപതയിലെ മിക്ക ദേവാലയങ്ങളിലും വചനനാളം സാഘോഷം സംഘടിപ്പിക്കുകയും മതാധ്യാപകരും വിദ്യാർത്ഥികളും മാതാപിതാക്കളും സജീവമായി പങ്കെടുത്തുകൊണ്ട് വചനനാളം പരിപാടികൾ പുതിയ ഒരു അനുഭവമായി തീർന്നു.

## ക്രിസ്തുരാജാ ദേവാലയം മലാപ്പറമ്പ്

"ശിശുക്കൾ എന്റെ അടുക്കൽ വരാൻ അനുവദിക്കുവിൻ. അവരെ തടയരുത്. എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരെപോലെ ഉള്ളവരുടേതാണ്." (മത്തായി: 19:14)

29-3-2014 രാവിലെ 8.30ന് മതാദ്ധ്യാപകരെല്ലാവരും ദേവാലയത്തിൽ എത്തിച്ചേരുകയും, വചനപീഠം ഒരുക്കുകയും വേണ്ട ക്രമീകരണങ്ങൾ നടത്തുകയും ഒപ്പം പ്രാർത്ഥിച്ചൊരുങ്ങുകയും ചെയ്തു. 9 മണിക്ക് ബൈബിൾ പ്രതിഷ്ഠക്കായി കുട്ടികളെ അണിനിരത്തുകയും, ബഹുമാനപ്പെട്ട ഇടവക വികാരി ഫാ. ആന്റോ ഡയനീഷ്യസ്, ഫാ. ഷിൻ, പാരീഷ് കൗൺസിൽ സെക്രട്ടറി നൈജു, മതാദ്ധ്യാപകർ, കുട്ടികൾ എല്ലാവരും ചേർന്ന് വി. ഗ്രന്ഥം പ്രതിഷ്ഠിക്കുന്നതിനായി അലങ്കരിച്ച് വെച്ചിരിക്കുന്ന വചനപീഠത്തിലേക്ക് പരിശുദ്ധാത്മാവിന്റെ ഗാനങ്ങൾ ആലപിച്ചുകൊണ്ട് പ്രദക്ഷിണമായി നീങ്ങുകയും വി. ഗ്രന്ഥം വികാരിയച്ചൻ പ്രതിഷ്ഠിക്കുകയും ഫാ. ഷിൻ വി.ഗ്രന്ഥത്തിൽ പൂമാല



ചാർത്തുകയും തുടർന്ന് കുട്ടികൾ ഓരോരുത്തരായി വി. ഗ്രന്ഥം തൊട്ടു വണങ്ങി അവരവരുടെ സ്ഥാനങ്ങളിൽ ഇരുന്നു.

സി. ഹിൽഡ DSS എല്ലാവരേയും സ്വാഗതം ചെയ്യുകയും ഫാ. ആന്റോ ഡയനീഷ്യസ് ഉദ്ഘാടനകർമ്മം നിർവഹിക്കുകയും ചെയ്തു. ഫാ. ഷിൻ, ഹെഡ്മാസ്റ്റർ റ്റോസി ടോം, പാരിഷ് കൗൺസിൽ സെക്രട്ടറി നൈജു എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. എല്ലാവരും ദൈവവചനത്തിന് ക്രൈസ്തവ ജീവിതത്തിലുള്ള പ്രാധാന്യത്തെപ്പറ്റി ഊന്നിപ്പറയുകയുണ്ടായി. വീനസ് ടീച്ചറുടെ നേതൃത്വത്തിൽ കുട്ടികളെ അഞ്ച് ഗ്രൂപ്പുകളായി തിരിക്കുകയും വിവിധ ഗ്രൂപ്പ് കളികളിലൂടെയും, ആക്ഷൻ സോങ്ങ് പഠനത്തിലൂടെയും,പഞ്ചഗ്രന്ഥികളെക്കുറിച്ചുള്ള വിവിധ ക്ലാസ്സുകളിലൂടെയും കുട്ടികളെ വചനം കൂടുതൽ ഹൃദ്യസ്ഥമാക്കുവാനും സഹായിച്ചു.

ഇടവകാ കുടുംബം കുട്ടികൾക്ക് രുചിപ്രദമായ ഭക്ഷണം ഒരുക്കിക്കൊടുക്കുകയും ചെയ്തു. പരിപാടിയുടെ അവസാനഭാഗത്ത് സി. ഡെൽഫീന എല്ലാവർക്കും നന്ദി പറയുകയും തുടർന്ന് അരമണിക്കൂർ നേരത്തെ ദിവ്യകാരുണ്യ ആരാധനയോടുകൂടി 5 മണിക്ക് വചനനാളം പരിപാടി അവസാനിച്ചു.

## സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, വടകര

വടകര സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ മതബോധന വിദ്യാർത്ഥികൾക്കായുള്ള 'വചനനാളം' ബൈബിൾ പഠന പരിശീലന പരിപാടി മാർച്ച് 29നും 30നും നടത്തുകയുണ്ടായി. ബഹു. ഇടവക



വികാരി റവ. ഫാദർ ജോസഫ് നിക്കോളാസ് ബൈബിൾ പ്രതിഷ്ഠ നടത്തി പരിശീലനത്തിന്റെ ഔപചാരിക ഉദ്ഘാടനം നിർവഹിച്ചു. ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ മതാധ്യാപകരായ സന്തോഷ്, സൈമൺ, ജോബി, റീന, വിത്സി, ജോസ്‌ലി, ജിൻസി എന്നിവരാണ് ക്ലാസ്സുകൾ നയിച്ചത്. ക്വിസ്, സ്കിറ്റ്, ടാബ്ലോ തുടങ്ങിയ വചനാധിഷ്ഠിത പരിപാടികളും ഉണ്ടായിരുന്നു. "The Bible' എന്ന ഹോളിവുഡ് ചലച്ചിത്ര പ്രദർശനവും ഉണ്ടായിരുന്നു.

## തിരുഹൃദയ ദേവാലയം കൽപ്പറ്റ

1-4-2014 മുതൽ 4-3-2014 വരെ ക്ലാസ്സുകൾ നടത്തി. പരിപാടിയുടെ അദ്ധ്യക്ഷസ്ഥാനം റവ. ഫാ. ഫ്രാൻസൻ നിർവഹിച്ചു. ഉദ്ഘാടനം റവ. ഫാ. സിലൻ നിർവഹിച്ചു. സിസ്റ്റർ ഗ്രേസി ഇഗ്നേഷ്യസ്, പാരീഷ് കൗൺസിൽ സെക്രട്ടറി ശ്രീ. ജോയി കെ.പി, പി.ടി.എ. പ്രസിഡണ്ട് ശ്രീ. ബെന്നി നടുവിലപറമ്പിൽ എന്നിവർ ആശംസകളർപ്പിച്ചു. ഹെഡ്മിസ്ട്രസ് റെജിസുനിൽ നന്ദി പറഞ്ഞു. മൂല്യാധിഷ്ഠിത വിദ്യാഭ്യാസം, സാമൂഹികനീതി, നന്മതിന്മകൾ തിരിച്ചറിഞ്ഞ് സമൂഹത്തിൽ പെരുമാറുന്നതെങ്ങനെ എന്നീ വിഷയങ്ങൾ സംബന്ധിച്ച് അദ്ധ്യക്ഷ പ്രസംഗത്തിൽ പരാമർശിച്ചു. വിശ്വാസാധിഷ്ഠിതവും ലളിതവും, ക്രിസ്തീയ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചും ജീവിച്ചാൽ മാത്രമേ നമുക്ക് ക്രിസ്തുശിഷ്യരായി തീരാൻ സാധിക്കൂ എന്ന് അച്ചൻ പ്രസംഗത്തിലൂടെ കുട്ടികളെ ബോധ്യപ്പെടുത്തി.



# സെന്റ് മൈക്കിൾസ് ചർച്ച് വെസ്റ്റ്ഹിൽ

പരീക്ഷയുടെ തിരക്കുപിടിച്ച ദിവസങ്ങൾക്കൊടുവിൽ മതബോധന വിദ്യാർത്ഥികളുടെ ഉള്ളിൽ ദൈവവചനത്തിന്റെ തിരികൾ തെളിക്കുക എന്ന ഉദ്ദേശ്യത്തോടെ സെന്റ് മൈക്കിൾസ് ചർച്ച് വെസ്റ്റ്ഹിൽ 1-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികളെ അണിനിരത്തി വചനനാളം വെക്കേഷൻ ക്ലാസ്സ് സംഘടിപ്പിച്ചു.

മതബോധന വിദ്യാർത്ഥികളുടെ സംഗമം പ്രാർത്ഥനയുടേയും പഠനത്തിന്റേയും സൗഹൃദങ്ങളുടേയും ഉല്ലാസവേളകളുടേയും അവിസ്മരണീയ അനുഭവമായി.

ആദ്യദിനം 9 മണിക്ക് കത്തിജ്വലിക്കുന്ന തിരികൾക്ക് നടുവിൽ ബൈബിൾ പ്രതിഷ്ഠയേയും ബൈബിൾ വണക്കത്തേയും തുടർന്ന് ഇടവക വികാരി ഫാ. മാർസലിൽ നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്തു. യൂഡ്സ് കോൺവെന്റ് മദർ സുപ്പീരിയർ സി. മേഴ്സി മരിയ B.S, പി.ടി.എ. പ്രസിഡണ്ട് മിസ്റ്റർ വിക്ടർ മതബോധന ഹെഡ്മിസ്ട്രസ് സി. ഗ്രേസി മരിയ ബി.എസ്, സൺഡേ സ്കൂൾ ലീഡർ മാസ്റ്റർ അജയ് എന്നിവര് ആശംസകൾ അർപ്പിച്ചു.

ബൈബിളിലെ പഞ്ചഗ്രന്ഥികളുടെ പ്രാധാന്യത്തിലും ജീവിതത്തിൽ വചനത്തിന്റെ ശക്തിയിലും ഊന്നി വചനനാളം പരിശീലന ക്ലാസ്സിൽ പങ്കെടുത്ത റോസ് ബെല്ല ടീച്ചറുടേയും ലിനു മാസ്റ്ററിന്റേയും നേതൃത്വത്തിൽ നടന്ന ക്ലാസ്സ് പ്രവർത്തനങ്ങളെല്ലാം വിദ്യാർത്ഥികൾക്ക് പുത്തൻ ഉണർവ് സമ്മാനിച്ചു.



ബൈബിൾ ക്ലാസ്സിലെ വിദ്യാർത്ഥികളും രക്ഷിതാക്കളും വചന നാളത്തിന്റെ അണിയറയിൽ സദാ സഹായ ഹസ്തവുമായുണ്ടായിരുന്നു. അവസാനദിവസമായ ഞായറാഴ്ച ഇടവകവികാരി ഫാ. മാർസലിന്റെ കാർമ്മികത്വത്തിൽ വിദ്യാർത്ഥികൾക്കായി കൃതജ്ഞതാബലി അർപ്പിക്കപ്പെട്ടു. സൺഡേ സ്കൂൾ അസി. ലീഡർ കുമാരി ഗ്രേസ് വിക്ടർ വചനനാളം തെളിഞ്ഞു പ്രകാശിപ്പിക്കാൻ സഹായിച്ച ഏവർക്കും നന്ദിയുടെ നറുമലരുകൾ അർപ്പിച്ച് കൂട്ടായ്മയ്ക്ക് സമാപനം കുറിച്ചു.

ജിൻസി തോമസ്

## ലൂർദ്ദ്മാതാ ചർച്ച്, പെരിന്തൽമണ്ണ

പെരിന്തൽമണ്ണ ലൂർദ്ദ്മാതാ തീർത്ഥാടനകേന്ദ്രത്തിൽ മതബോധന കുട്ടികൾക്കായി മാർച്ച് 30 മുതൽ ഏപ്രിൽ 5 വരെ 7 ദിവസത്തെ വചനനാളം എന്ന പഠനകളരി അതിമനോഹരമായ വിധത്തിൽ നടത്തുവാൻ പരിശുദ്ധ ലൂർദ്ദ് മാതാവ് സഹായിച്ചു. കൃത്യം 9 മണിക്ക് മുമ്പു തന്നെ കുട്ടികൾ ഹാജരായിരുന്നു. 11 മണിക്ക് കുട്ടികൾക്ക് ലഘുഭക്ഷണവും ചായയും നൽകാൻ ചെയ്യാനായി മാതാപിതാക്കൾ അതീവ ശ്രദ്ധാലുവായിരുന്നു. ബൈബിൾ സംബന്ധമായ കളികളും ആംഗ്യപാട്ടുകളും കഥകളും ക്ലാസ്സുകളുമായി സമയം കടന്നുപോയതുപോലും അറിഞ്ഞില്ല. വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ പഞ്ചഗ്രന്ഥി എന്ന ബൈബിളിലെ ആദ്യത്തെ 5 പുസ്തകങ്ങളുടെ സാരാംശം പിഞ്ചുഹൃദയങ്ങളുടെ മനസ്സുകളിൽ മായാത്ത മുദ്ര പതിപ്പിച്ചു.

സി. റോസ്ലിൻ MPV



# ജോൺ ഇരുപത്തി മൂന്നാമനും ജോൺ പോൾ രണ്ടാമനും വിശുദ്ധ പദവിയിലേക്ക്

2014 പെസഹാ കാലത്തിലെ രണ്ടാമത്തെ ഞായറാഴ്ചയും ദൈവിക കാരുണ്യത്തിന്റെ മഹോൽസവവുമായ സുദിനത്തിൽ ഫ്രാൻസിസ് മാർപാപ്പ ഇരുപതാം നൂറ്റാണ്ടിലെ അതിശ്രേഷ്ഠരായ ജോൺ ഇരുപത്തിമൂന്നാമനെയും ജോൺ പോൾ രണ്ടാമനേയും വിശുദ്ധ പദവിയിലേക്ക് ഉയർത്തുകയാണ്. പാപ്പ സ്ഥാനത്തെപ്പറ്റി വിചിന്തനം ചെയ്യുവാൻ ഈ സന്ദർഭം പ്രയോജനപ്രദമായിരിക്കും.

മർക്കോസിന്റെ സുവിശേഷമത്രേ സാർത്രികസഭയ്ക്ക് ലഭിച്ച പ്രഥമ സദ്വാർത്ത. പത്രോസ് അപ്പോസ്തോലൻ റോമിൽ വെച്ച് രക്തസാക്ഷിയായതിന്റെ ഏതാനും വർഷങ്ങൾക്ക് ശേഷമത്രേ ഇത് ലിഖിതമായത്. വിശുദ്ധ പത്രോസ് അപ്പസ്തോലൻമാരുടെ പട്ടികയിൽ എന്നും ഒന്നാം സ്ഥാനത്തായിരുന്നു. യേശുവന്റെ തബോർ മലയിലെ രൂപാന്തരീകരണ സമയത്ത് പത്രോസും യാക്കോബും യോഹന്നാനും സന്നിഹിതരായിരുന്നു. മർക്കോസിന്റെ സുവിശേഷത്തിൽ സ്രോതസ്സ് വിശുദ്ധപത്രോസായിരുന്നു. കർത്താവിന്റെ കുരിശിന്റെ നിഴലിലായിരിക്കും സാർവത്രികസഭ സ്ഥായിയായി നില കൊള്ളുന്നതെന്ന് അദ്ദേഹത്തിന് സുഗ്രഹമായിരുന്നു.

മത്തായി സുവിശേഷം രചിച്ചത് പതിറ്റാണ്ടിനു ശേഷമാണെങ്കിലും വിശുദ്ധ പത്രോസിന്റെ നിസ്തുലമായ ശുശ്രൂഷയെപ്പറ്റി വ്യക്തമായ സന്ദേശം നൽകിയിരുന്നു. ക്രൈസ്തവർക്കെതിരെയുള്ള അതിക്രൂരവും നിഷ്ഠൂരവുമായ പീഡനങ്ങളാൽ മനസ്സ് മടുത്ത് റോമിൽ നിന്ന് പലായനം ചെയ്യുവാൻ ശ്രമിക്കുന്ന പത്രോസിനെപ്പറ്റി കോവാദീസ്' എന്ന വിശ്രുത നോവലിൽ എഴുതപ്പെട്ടിട്ടുണ്ട്. യേശു പത്രോസിനോട് അരുൾ ചെയ്യുകയാണ്. പത്രോസേ, നീ എവിടേക്ക് ഒളിച്ചോടുന്നു. തിരിച്ചുവരുന്ന പത്രോസ് സഹനത്തിന്റെയും പീഡനങ്ങളുടയും കനൽ വഴിയിലൂടെയത്രേ തീർത്ഥാടനം ചെയ്യുന്നത്.

പത്രോസിനെ സാധാരണയായി ചിത്രീകരിക്കുന്നത് കയ്യിൽ രണ്ട് താക്കോലുകൾ സംവഹിച്ചു കൊണ്ടുള്ള ഉറച്ച കാൽവെപ്പാണ്. കേസറിയ ഫിലിപ്പീയയിൽ ഈശോ അപ്പസ്തോലൻമാരോട് ചോദിച്ചു. "മനുഷ്യപുത്രൻ ആരെന്നാണ് ജനങ്ങൾ പറയുന്നത്. അവർ പ്രതിവചിച്ചു:" ചിലർ സ്നാപക യോഹന്നാൻ എന്നും വേറെ ചിലർ ഏലിയ എന്നും മറ്റു ചിലർ ജെറെമിയ അല്ലെങ്കിൽ പ്രവാചകൻമാരിലൊരുവൻ എന്നും പറയുന്നു." അവിടുന്ന് അവരോട് ചോദിച്ചു: എന്നാൽ, ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത്. ശിമയോൻ പത്രോസ് പറഞ്ഞു: "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്." യേശു അദ്ദേഹത്തോട് അരുളി ചെയ്തു: യോനായുടെ

പുത്രനായ ശിമയോനേ, നീ ഭാഗ്യവാൻ; മാംസരക്തങ്ങളല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവാണ് നിനക്ക് ഇതു വെളിപ്പെടുത്തിത്തന്നത്, ഞാൻ നിന്നോട് പറയുന്നു. നീ പത്രോസ് ആണ്; ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും. നരക കവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല. സ്വർഗരാജ്യത്തിന്റെ താക്കോലുകൾ നിനക്ക് ഞാൻ തരും. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗത്തിലും കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗത്തിലും അഴിക്കപ്പെട്ടിരിക്കും. അനന്തരം, അവിടുന്ന് താൻ ക്രിസ്തുവാണെന്ന് ആരോടും പറയരുതെന്ന് ശിഷ്യൻമാരോടു കൽപിച്ചു (മത്തായി 16:13–20)

യോഹന്നാന്റെ സുവിശേഷത്തിൽ യേശുവിന്റെ തിരുവുത്ഥാനത്തിനു ശേഷം പത്രോസിനോട് മൂന്നു പ്രാവശ്യം 'നീ എന്നെ സ്നേഹിക്കുന്നുവോ?' എന്നു ചോദിക്കുന്നുണ്ട്. പത്രോസ് കർത്താവിന്റെ മൂന്നു പ്രാവശ്യം തള്ളിപ്പറഞ്ഞതിന്റെ അതിശക്തമായ സൂചന ആ ചോദ്യങ്ങളിലുണ്ട് എന്ന് കാണാം. പ്രാതൽ കഴിഞ്ഞപ്പോൾ യേശു പത്രോസിനോട് ചോദിച്ചു: യോനായുടെ പുത്രനായ ശിമയോനേ, നീ ഇവരേക്കാൾ അധികമായി എന്നെ സ്നേഹിക്കുന്നുവോ, ഉവ്വ്, കർത്താവേ, ഞാൻ അങ്ങനെയെ സ്നേഹിക്കുന്നുണ്ടെന്ന് അങ്ങേക്ക് അറിയാമല്ലോ. യേശു അദ്ദേഹത്തോട് അരുളിചെയ്തു; നീ എന്റെ ആടുകളെ മേയ്ക്കുക, രണ്ടാം പ്രാവശ്യം യേശു അവനോട് ചോദിച്ചു. യോനായുടെ പുത്രനായ ശിമയോനേ, നീ എന്നെ സ്നേഹിക്കുന്നുവോ? പത്രോസ് പ്രതിവചിച്ചു: 'ഉവ്വ് കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നുണ്ടെന്ന് അങ്ങ് അറിയുന്നുവല്ലോ. യേശു അരുൾ ചെയ്തു: "നീ എന്നെ കുഞ്ഞാടുകളെ മേയ്ക്കുക.' തന്നോടു മൂന്നാം പ്രവശ്യവും നീ എന്നെ സ്നേഹിക്കുന്നുവോ എന്ന് അവിടുന്ന് ചോദിച്ചതുകൊണ്ട് പത്രോസ് ദുഃഖിതനായി. സത്യം സത്യമായി ഞാൻ നിന്നോട് പറയുന്നു: ചെറുപ്പമായിരുന്നപ്പോൾ നീ സ്വയം അരമുറുക്കി ഇഷ്ടമുള്ളിടത്തേക്ക് പോകുകയും ചെയ്തിരുന്നു" എന്നാൽ പ്രായമാകുമ്പോൾ നീ നിന്റെ കൈകൾ നീട്ടുകയും മറ്റൊരുവൻ നിന്റെ അരമുറുക്കുകയും നീ ആഗ്രഹിക്കാത്തിടത്തേക്ക് കൊണ്ടുപോവുകയും ചെയ്യും." (യോഹന്നാൻ 21:15–18) പത്രോസ് തന്റെ പാപത്തെപ്പറ്റി അനുതപിച്ച് കണ്ണീരൊഴുക്കി. പഴയ നിയമത്തിൽ ദൈവം ഇടയനും മാനവർ അജഗണവുമെന്ന ധാരണയുണ്ടായിരുന്നു. എസക്കിയേലിന്റെയും 23-ാം സങ്കീർത്തനത്തിന്റേയും പൊരുൾ കർത്താവ് നല്ലിടയനാണെന്നത്രേ. പാപ്പാ സ്ഥാനത്തിന്റെ സവിശേഷത പാലിയം അദ്ദേഹത്തിന്റെ ചിഹ്നമാണെന്നാണ്. ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പ രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചു കൂട്ടിക്കൊണ്ട് സഭയെ നവീകരണത്തിലേക്ക് നയിച്ചു. ജോൺ പോൾ രണ്ടാമൻ മാർപാപ്പ സമകാലീന കാലഘട്ടത്തിന്നനുസൃതമായി സാർവത്രികസഭയുടെ സാരഥി

യായി. നമുക്ക് അവരുടെ മാദ്ധ്യസ്ഥ്യം തേടുകയും മാതൃക അനുകരിക്കുകയും ചെയ്യാം.

ഇറ്റലിയിൽ ബർഗാമോയിലെ സോത്തോളൻ മോന്തെയിൽ ജാതനായ അദ്ദേഹത്തിന്റെ ജ്ഞാനസ്നാനനാമം ആഞ്ചെലോ ജുസേപ്പോ നെങ്കാളി എന്നായിരുന്നു. വെനീസിലെ പാർത്രിയാർക്കീസ് ആയിരുന്ന ഇദ്ദേഹം സാധാരണ കാർഷിക കുടുംബാംഗമായിരുന്നു. വത്തിക്കാൻ നയതന്ത്ര പ്രതിനിധിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. എതിർ മാർപാപ്പ സ്വീകരിച്ച പേര് മനഃപൂർവം സ്വീകരിക്കുകയായിരുന്നു. വയോവൃദ്ധനായ അദ്ദേഹം ഇടക്കാല മാർപാപ്പയെന്ന നിലയിലാണ് തിരഞ്ഞെടുക്കപ്പെട്ടത്.

നർമ്മബോധവും കർമ്മകുശലതയുമുള്ള വ്യക്തിത്വത്തിന്റെ ഉടമയായ അദ്ദേഹം സർവർക്കും പ്രിയംകരനും സംലഭ്യനുമായിരുന്നു. ഒരിക്കൽ പത്ര പ്രതിനിധികൾ അദ്ദേഹത്തോട് ചോദിച്ചു: വത്തിക്കാനിൽ എത്ര പേരാണ് സേവനമനുഷ്ഠിക്കുന്നത്. സ്വത: സിദ്ധമായ ശൈലിയിൽ അദ്ദേഹം പ്രത്യുത്തരിച്ചു: പകുതിയോളം പോയി നന്നായി ശുശ്രൂഷ ചെയ്യുന്നുണ്ട്.'

തിരുസഭയെ ആധുനീകരിക്കുവാൻ രണ്ടാം വത്തിക്കാൻ സൂനഹദോസ് വിളിച്ചുകൂട്ടുവാനായിരുന്നു അദ്ദേഹത്തിന് ദൈവം നൽകിയ നിമിത്തവും നിയോഗവും 1962 ഒക്ടോബർ 11ന് ഹുമാനേ സലൂത്തിസ്" (മാനവരക്ഷയ്ക്കായി) എന്ന ബൂളവഴി രണ്ടാം വത്തിക്കാൻ സൂനഹദോസ് വിളിച്ചുകൂട്ടി. രണ്ടായിരത്തിൽപരം മെത്രാൻമാരും പ്രതിനിധികളും പങ്കെടുത്ത സുനഹദോസ് സഭ നവയുഗക്രമത്തിലേക്ക് നയിക്കുകയായിരുന്നു.

കൗൺസിലിൽ ചർച്ച ചെയ്യേണ്ട പ്രമേയങ്ങളും കർമ്മപദ്ധതികളും വിദഗ്ധരായ പണ്ഡിതരേയും അജപാലന ശുശ്രൂഷയിൽ ശുഷ്കാന്തിയുള്ളവരേയും ഭരമേൽപിച്ചു. പതിനാറ് പ്രമാണരേഖകളാണ് ഐകകണ്ഠ്യേന സൂനഹദോസ് പ്രസിദ്ധീകരിച്ചത്. അവയിൽ ഗൗദിയും എത്ത് സ്പെസ് എന്ന പ്രമാണരേഖ (ആനന്ദകരവും പ്രത്യാശയും) ശ്രദ്ധ പിടിച്ചുപറ്റിയതാണ്.

"തിരുസഭ" മാതാവും ഗുരുനാഥയും (മാത്തെർ എന്ന് മജിസ്ത്രാ)യെന്ന വിശ്വലേഖനം വ്യാപകമായ പ്രതികരണത്തിനും പ്രവാചിക ധീരതയ്ക്കും ഉതകുന്നതായിരുന്നു. കൗൺസിൽ മൂലം സാർവത്രിക സഭയിൽ നവപെന്തക്കോസ്തയ്ക്ക് നാന്ദി കുറിച്ചു. കൗൺസിൽ സാപിക്കുന്നതിന് മുമ്പ് ഇതിഹാസപുരുഷൻ 1963 ജൂൺ 3ന് ദിവംഗതനായി. ആഞ്ചെലോ ജൂസേപ്പേ റൊങ്കാളിയുടെ മദ്ധ്യസ്ഥ്യം വഴി അത്ഭുത രോഗശാന്തികളും ലോകസമാധാനവും ആഗോള നിതിയും പരിസ്ഥിതി സംരക്ഷണവും ഉളവായെന്നത് സർവേശ പരിപാലനയുടെ ഉത്തമനിദർശനമായിരുന്നു.

വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ മാർപാപ്പ പോളണ്ടിലെ വാഡോവിസിൽ ജനിച്ചു. 1978 ഒക്ടോബർ 16ന് മാർപാപ്പ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടു. കർദ്ദിനാൾ കരോൾ വോയ്റ്റീവ എന്നാണ് പഴയ പേര്. പോളണ്ടിലെ ക്രാക്കോവ് അതിരൂപത മെത്രാപ്പോലീത്തയായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ചു. സഭയുടെ 264-ാമത്തെ ഇടയനെ 1978 ഒക്ടോബർ 14ന് 111 കർദ്ദിനാൾ മാർ സിസ്റ്റൈൻ ചാപ്പലിലെത്തി. ഒക്ടോബർ 15ന് സത്യപ്രതിജ്ഞ ചെയ്തു. തുടർന്ന് നാലു തവണ വോട്ട് എടുത്തു. പിറ്റേന്നുള്ള മൂന്നാമത്തെ വോട്ടിങ്ങിൽ ഇദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. ജോൺ പോൾ ഒന്നാമനോടുള്ള ആദരസൂചകമായി ജോൺ പോൾ രണ്ടാമൻ എന്ന പേര് സ്വീകരിച്ചു. ലോലക് എന്നായിരുന്നു ഓമനപ്പേര്. മാതാപിതാക്കൾ ജോസഫ് വോയ്റ്റീവയും എമിലിലയുമായിരുന്നു. ജ്യേഷ്ഠൻ എഡ്മണ്ടും സഹോദരിയും മരിച്ചു. ചെറുപ്പത്തിൽ രണ്ടാം ലോകമഹായുദ്ധംമൂലം ദാരിദ്ര്യവും ക്ഷാമവുമായിരുന്നു. പിതാവിന്റെ ഉടുപ്പുകൾ വെട്ടി തയ്ച്ചതാണ് ഉപയോഗിച്ചിരുന്നത്. 1940ൽ ഹോട്ടലിൽ അവശ്യസാധനങ്ങൾ എത്തിക്കുവാനും തുടർന്ന് പോളണ്ടിലെ പാറമടയിലും ജോലി ചെയ്തു.

ജർമ്മൻ അധിനിവേശത്തിൽ നിന്ന് നാടിനെ മോചിപ്പിക്കുവാനുള്ള വിപ്ലവത്തിൽ പങ്കെടുത്തു. വൈകാതെ, രോഗിയായ പിതാവും അന്തരിച്ചു. തികച്ചും ഏകാന്തമായിരുന്നു പിന്നീടുള്ള ജീവിതം പരിശുദ്ധ ദൈവമാതാവിനോടുള്ള ഭക്തിമൂലം സെമിനാരിയിൽ ചേരുവാൻ തീരുമാനിച്ചു. ഫാക്ടറിയിൽ ജോലി ചെയ്തുകൊണ്ടിരുന്ന സന്ദർഭത്തിലാണ് നാത്സികൾ ഒരു ലക്ഷം പോളണ്ടുകാരെ ക്രൂരമായി വധിച്ചത്. മെത്രാപ്പോലീത്ത വൈദികാർത്ഥികളെ കറുത്ത വസ്ത്രങ്ങൾ ധരിക്കുവാൻ ഉദ്ബോധിപ്പിച്ചു. വൈദികരാണെന്ന് കരുതി നാത്സി പട്ടാളക്കാർ അവരെ കൊലപ്പെടുത്തിയില്ല. പിന്നീട് ഒരവസരത്തിൽ സൈനികവാഹനം കരോളിനെ ഇടിച്ചു തെറിപ്പിച്ചു. ഏതോ സ്ത്രീ ആശുപത്രിയിലാക്കിയതിനാൽ രണ്ടാമതും മരണത്തിൽ നിന്ന് രക്ഷപ്പെട്ടു.

1946 നവംബർ 1ന് പൗരോഹിത്യം സ്വീകരിച്ചു. തുടർന്ന് അദ്ദേഹം നേമിൽ സെന്റ് അക്വിനാസ് സർവകലാശാലയിൽ പഠിച്ചു. ഫ്രഞ്ച്, ജർമ്മൻ, ഇറ്റാലിയൻ, ഇംഗ്ലീഷ് എന്നീ ഭാഷയിൽ വ്യുല്പത്തി നേടി. പാദ്രേ പിയോയുടെ ദിവ്യപൂജയിൽ സംബന്ധിക്കുന്നതിന് ഇക്കാലത്ത് സാധിച്ചു. 1948 ജൂൺ 14ന് ഉപരിപഠനം പൂർത്തിയാക്കി നാട്ടിലെത്തി. ചെറിയ ഗ്രാമത്തിൽ സഹവികാരിയായി സേവനം ചെയ്തു. എട്ടു മാസങ്ങൾക്കുശേഷം ഫ്ളോറിയൻ ഇടവകയിലേക്ക് സ്ഥലം മാറ്റമായി. അവിടെ വെച്ച് ജഗല്ലോത്തിയൻ സർവകലാശാലയിൽ ഉപരിപഠനം നടത്തി. തുടർന്ന് ലുബ്ലിയിനിലെ കത്തോലിക്ക യൂണിവേഴ്സിറ്റിയിൽ അധ്യാപകനായി. പീയൂസ് പന്ത്രണ്ടാമൻ മാർപാപ്പ ഇദ്ദേഹത്തെ

ക്രാക്കോവ് രൂപതയുടെ സഹായമെത്രാനായി നിയമിച്ചു. 1958 സപ്തംബർ 8ന് മെത്രാഭിഷേകം നടന്നു. 38 വയസ്സു പ്രായമുള്ള അദ്ദേഹത്തിന്റെ ആപ്ത വാക്യം പൂർണ്ണമായി അങ്ങയുടേത്" (തോത്തൂസ് തൂവൂസ്) എന്നായിരുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിൽ ഭാഗഭാക്കാകുവാൻ റോമിലെത്തി. സൂന ഹദോസിന്റെ അന്ത്യത്തിൽ പോൾ ആറാമൻ മെത്രാപ്പോലീത്തയായി നിയമിച്ചു. 1967ൽ പോൾ ആറാമൻ പാപ്പ കർദ്ദിനാൾ പദവി അദ്ദേഹത്തിന് നൽകി ജോൺ പോൾ ഒന്നാമനു ശേഷം മാർപാപ്പയായി.

1979 മാർച്ച് 14ന് അദ്ദേഹത്തിന്റെ പ്രഥമ ചാക്രിക ലേഖനമായ മനുഷ്യര ക്ഷകൻ (റെദംത്തോർ ഹോമിനിസ്) പുറത്തുവന്നു. ആകെ 14 വിശ്വാസലേഖ നങ്ങൾ സഭക്ക് നൽകി. 1981 മെയ് 13ന് ഫാത്തിമാ മാതാവിന്റെ തിരുനാളിൽ തുർക്കി സ്വദേശിയായ അലി അഗ്ക അദ്ദേഹത്തെ വെടിവെച്ചു. മരണാസന്ന നായ അദ്ദേഹം അത്ഭുതകരമായി തിരിച്ചുവരികയായിരുന്നു. പിന്നീട് അദ്ദേഹം ഈ വെടിയുണ്ട പതിച്ച രത്നകിരീടം ഫാത്തിമാമാതാവിന് സമർപ്പിച്ചു. മിക്ക രാജ്യങ്ങളും അദ്ദേഹം സന്ദർശിച്ചു. 1353 അപ്പസ്തോലിക പര്യടനങ്ങളാണ് നടത്തിയത്. 129 രാജ്യങ്ങൾ ഇദ്ദേഹത്തിന്റെ സാന്നിധ്യം കൊണ്ട് അനുഗൃഹീതമായി. ഫ്രഞ്ച്, പോളീഷ്, പോർത്തുഗീസ്, റഷ്യൻ, സ്പാനിഷ്, ജർമ്മൻ, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ നൈപുണ്യം ഉണ്ടായിരുന്നു. 1501 ജ്ഞാനസ്നാനം നടത്തിയ അദ്ദേഹം 482 പേരെ വിശുദ്ധ പദവിയിലേക്കും 147 പേരെ വാഴ്ത്തപ്പെട്ടവരായും പ്രഖ്യാപിച്ചു. 231 കർദ്ദിനാൾമാരെ നിയമിച്ച അദ്ദേഹം മറ്റൊരാളുടെ പേര് രഹസ്യമായി സൂക്ഷിച്ചു. അഞ്ചു പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. 18 വിശ്വലേഖനങ്ങൾ 11 അപ്പസ്തോലിക പ്രമാണ രേഖകൾ 15 ശ്ലൈഹിക, 45 അപ്പസ്തോലിക കത്തുകൾ സഭക്ക് പ്രദാനം ചെയ്തു.

ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും പ്രായം കുറഞ്ഞ പാപ്പയായിരുന്നു ഇദ്ദേഹം അദ്ദേഹം തന്റെ ഭരണകാലത്ത് 176,00,00,000 വിശ്വാസികളെ കണ്ടതായി കണക്കാക്കപ്പെടുന്നു.

ഏതു രാജ്യത്തിൽ എത്തിയാലും അവിടത്തെ മണ്ണിനെ അദ്ദേഹം കമിഴ്ന്നു കിടന്നു ചുംബിക്കുമായിരുന്നു. 1999ൽ ഇന്ത്യ രണ്ടാമതും സന്ദർശിച്ചു. 1997-ൽ തിരുസഭാ പണ്ഡിതയായി ലിസ്യുവിലെ വിശുദ്ധ തെരേസയെ പ്രഖ്യാപിച്ചു. 2005 ഏപ്രിൽ 2ന് 9.37നാണ് അദ്ദേഹം ദിവംഗതനായി. ഭൗതികശരീരം മുൻഗാമികൾക്കൊപ്പം സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ സംസ്കരിച്ചു. പാർക്കിൻസൺസ് രോഗബാധിതയായ ഫ്രഞ്ചു കന്യാസ്ത്രീ അദ്ദേഹത്തിന്റെ മദ്ധ്യസ്ഥത്താൽ പൂർണ്ണസൗഖ്യം നേടി. 2011 ജനുവരി 5ന് സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ വാഴ്ത്തപ്പെട്ടവനായും പ്രഖ്യാപിക്കപ്പെട്ടു. ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പയുടെയും ജോൺ പോൾ രണ്ടാമന്റെയും മാധ്യസ്ഥം നമുക്ക് സദാ ലാഭിക്കുമാറാകട്ടെ.



## മധ്യവേനലവധി പരിപാടികൾ, മേരിക്കുന്ന്

എഴുപത്തിയഞ്ച് വർഷം ചരിത്രമുറങ്ങുന്ന കോഴിക്കോട് രൂപതാ മേരിക്കുന്ന് ഹോളി റെഡീമർ ഇടവകയിൽ മധ്യവേനൽ അവധിക്കാലത്ത് മതബോധന വിദ്യാർത്ഥികൾക്കായി ഏപ്രിൽ 1, 2, 3, 4 തീയതികളിൽ തങ്ങളെതന്നെ മനസ്സിലാക്കാനും, ആത്മീയ ചൈതന്യത്തിൽ ആഴപ്പെടാനും, മൂന്നു ദിവസത്തെ സെമിനാറും തുടർന്ന് കുട്ടികളുടെ കായികരംഗത്ത് മികവ് കണ്ടെത്തുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധ കായിക മൽസരങ്ങളും, ഇടവക വികാരി ഫാ. ജെൻസൺ പുത്തൻവീട്ടിലിന്റെയും മതാധ്യാപകരുടെയും നേതൃത്വത്തിൽ സംഘടിപ്പിച്ചു.

സെമിനാറിന് ക്ലാസ്സ് എടുത്തവർ

സി. ത്രേസ്യാ പീറ്റർ എ.സി.

സി. ലിൻഡ ജോയ് എ.സി.

സി. റിയാ മരിയ എ.സി.

സി. ആഷ ആന്റ് മി. ജോമോൻ എന്നിവരാണ്.

ഏകദേശം നൂറോളം വിദ്യാർത്ഥികൾ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു. വിദ്യാഭ്യാസം എന്നത് അറിവുകൾ നേടുക എന്നതിനോടൊപ്പം കുട്ടികളുടെ നൈസർഗ്ഗീകമായ കഴിവുകൾ പുറത്ത് കൊണ്ടുവന്ന്, വളർത്തി, വികസിപ്പിച്ച്, വ്യക്തിയുടെയും, കുടുംബത്തിന്റെയും, ഇടവകയുടെയും, നാടിന്റെയും, രാജ്യത്തിന്റെയും സമഗ്രമായ

വളർച്ചയെ ലക്ഷ്യംവെച്ചുകൊണ്ട് "കൂടുതൽ ഉയരത്തിൽ, കൂടുതൽ വേഗത്തിൽ, കൂടുതൽ ശക്തിയോടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും വളരുന്നതിന് അവരെ സഹായിക്കുന്നതിനായിട്ടാണ് പ്രസ്തുത പരിപാടികൾ സംഘടിപ്പിച്ചത്.



## ക്രിക്കറ്റ് ടൂർണ്ണമെന്റ്

മേരിക്കുന്ന് ഹോളി റെഡീമെർ സി.എൽ.സി. യൂണിറ്റ് ഇടവകയിലെ പാവപ്പെട്ട ഒരു കുടുംബത്തിന് വീട്‌വെച്ച് നൽകുന്നതിന് പണം സമാഹരിക്കുന്നതിന്റെ ഭാഗമായി ക്രിക്കറ്റ് ടൂർണ്ണമെന്റ് സംഘടിപ്പിച്ചു. രൂപതയിലെ വിവിധ ദേവാലയങ്ങളിൽ നിന്നും പതിനഞ്ച് ടീമുകൾ മാറ്റുരച്ചു. കോഴിക്കോട് കല്ലായ് ഇടവകയിൽ നിന്നുള്ള ടീമാണ് വിജയികൾ.



# മധ്യവേനലവധി പരിപാടികൾ, മലപ്പുറം

കേരള കാത്തലിക് യൂത്ത് മൂവ്മെന്റ് (KCYM) ന്റെ നേതൃത്വത്തിൽ യുവജനങ്ങൾക്കായി 27-02-2014ന് മലപ്പുറം മേഖലാ ഫൊറോനാ സെന്റ് ജോസഫ് ദേവാലയത്തിൽവെച്ച് സൈബർ ക്രൈം എന്ന വിഷയത്തെക്കുറിച്ച് സെമിനാർ സംഘടിപ്പിച്ചു.

രാവിലെ 9.30ന് ആരാധനയോടെ സെമിനാർ ആരംഭിച്ചു. മഞ്ചേരി സിവിൽ പോലീസ് ഓഫീസർ ശ്രീ. വി.കെ. പൗലോസ് നയിച്ച സെമിനാറിന് മലപ്പുറം മേഖലാ സെക്രട്ടറി ശ്രീ. റിനേഷ് എം.എ. സ്വാഗതവും ഇടവക കെ.സി.വൈ.എം. അംഗം കുമാരി ജിസ്ന വർഗീസ് നന്ദിയും നേർന്നു.

മലപ്പുറം ഫൊറോന വികാരി ഫാ. സെബാസ്റ്റ്യൻ കാരക്കാടിന്റെ അധ്യക്ഷതയിൽ നടത്തിയ പൊതുയോഗത്തിൽ ഇടവക കെ.സി.വൈ.എം. അംഗം മനു കെ. മാത്യു സ്വാഗതം നേരുകയും തുടർന്ന് മേഖലാ സെക്രട്ടറി ശ്രീ. റിനേഷ് എം.എ. 2013-14 വർഷത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയും, യോഗം ആ റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു. ഫാ. ഡെന്നി മോസസ്, ഫാ. ജോർജ്ജ് തെന്നാടിക്കുളം എന്നിവർ യോഗത്തിന് ആശംസകൾ അർപ്പിച്ച് സംസാരിച്ചു. തുടർന്ന് പുതിയതായി രൂപംകൊണ്ട സുൽത്താൻപെട്ട് രൂപതയിലേക്ക് പോയ മേഖലാ ഭാരവാഹികൾക്കും ആനിമേറ്റർ സിസ്റ്റർക്കും യാത്രയയപ്പും ഒപ്പം മലപ്പുറം മേഖലയെ പ്രതിനിധീകരിച്ച് ഫാ. സെബാസ്റ്റ്യൻ കാരക്കാട് സ്നേഹ സമ്മാനം നൽകി. സിസ്റ്റർ അനുപമ, ശ്രീ. ബിനോഷ് എന്നിവർ മറുപടി പ്രസംഗം നടത്തി. തുടർന്ന് മേഖലയിലെ ആനിമേറ്റർ, പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, ട്രഷറർ എന്നീ സ്ഥാനങ്ങളിലേക്ക് തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്തു.

പുതിയ ഭാരവാഹികളായി ആനിമേറ്റർ സിസ്റ്റർ കരുണ അലക്സ്, പ്രസിഡണ്ട് ജോൺ പീറ്റർ, വൈസ് പ്രസിഡണ്ട് ടിന്റോ ടി.ടി, സെക്രട്ടറി റിനേഷ് എം.എ, ജോ. സെക്രട്ടറി ജിസ്ന ജെ. റൊസാരിയോ, ട്രഷറർ അമൽ സെബാസ്റ്റ്യൻ, വനിതാ പ്രസിഡണ്ട് റിൻസി എന്നിവരെ തെരഞ്ഞെടുത്തു.

യോഗത്തിന് രൂപതാ സിൻഡിക്കേറ്റ് അംഗം ശ്രീ. ജയൻ നന്ദി പറഞ്ഞു. മേഖലയിലെ കെ.സി.വൈ.എം. പ്രവർത്തനങ്ങൾക്കായുള്ള ധന സമാഹരണത്തിനായി സമ്മാനകൂപ്പൺ പ്രകാശനവും തുടർന്ന് എല്ലാ ഇടവകകളിലേക്കുമുള്ള വിതരണവും നടത്തി.

## ഹോളിഡേ പ്രോഗ്രാം, ചെറുവണ്ണൂർ

ചെറുവണ്ണൂർ സി.എൽ.സി. യൂണിറ്റിന്റെ നേതൃത്വത്തിൽ ഫാ. ജോൺസൻ അവരേവ് ഇടവകയിലെ യുവാക്കൾക്കും കുട്ടികൾക്കും നിരവധി അവധിക്കാല പരിപാടികൾ സംഘടിപ്പിക്കുന്നു. സലേഷ്യൻ ബ്രദേഴ്സ് നയിച്ച ഈ പരിപാടിയിൽ ഫാ. റെനി, ഫാ. ജിയോ, ഫാ. ജോസ് മാത്യു എന്നിവരും എത്തിച്ചേർന്നു. കോഴിക്കോട് മേഖലാ സി. എൽ.സി. ഡയറക്ടർ ഫാ. സുനിൽ സദസ്സിനെ അഭിസംബോധന ചെയ്തു. ഇടവക മതബോധന അദ്ധ്യാപകരും വെനേറിനി സിസ്റ്റേഴ്സും ബ്രദേഴ്സും പരിപാടിയുടെ വിജയത്തിനായി പ്രയത്നിച്ചു.



# ഉത്ഥാനത്തിന്റെ ആനന്ദം

**സി. ആൽബിൻമാത്യു എ.സി.**



നോമ്പാചരണത്തിലൂടെ പരിശുദ്ധമാക്കിയ ഹൃദയത്തോടെ ഒരിക്കൽ കൂടെ നാം ഉയർപ്പുകാലത്തിന്റെ മഹിമയിലേക്ക് പ്രവേശിക്കുകയാണ്. മനുഷ്യമക്കളുടെ നഷ്ടപ്പെട്ടുപോയ ഇന്നലകളെ വീണ്ടെടുത്ത് അവരിൽ പുതുചൈതന്യം നിറക്കാൻ ഉത്ഥിതൻ വീണ്ടും തിരുമനസ്സായ ദിനമാണ് ഈസ്റ്റർ. മനസ്സിന് ശാന്തിയും സന്തോഷവും പകർന്നുതന്ന് നമ്മിൽ പ്രതീക്ഷകളുടെ ചെറുനാമ്പുകൾ മുളപൊട്ടുന്ന അവസരം കൂടിയാണ് ഉയർപ്പ്തിരുനാൾ. ഈശോ തന്റെ ഉത്ഥാനത്തിലൂടെ മരണത്തിന് അപ്പുറം ഒരു ജീവിതം ഉണ്ടെന്ന് നമുക്ക് വെളിവാക്കിത്തരുന്നു. മരണത്തിനുശേഷമുള്ള ജീവിതം എപ്രകാരമാണെന്ന് പറയുവാൻ നമുക്ക് സാധ്യമല്ല. പക്ഷേ ഒരു കാര്യം വ്യക്തമാണ്. മരിച്ചുകഴിഞ്ഞാൽ നാം ദൈവത്തോടൊപ്പം അവിടുത്തെതിരുസന്നിധിയിലായിരിക്കും.

ദൈവസന്നിധിയിൽ വസിക്കാൻ സാധ്യമാകണമെങ്കിൽ കർത്താവിന്റെ പീഡാനുഭവത്തിൽ പങ്കുചേരാൻ നമുക്ക് കഴിയണം. അനുദിന ജീവിത ക്ലേശങ്ങൾ സന്തോഷത്തോടെ സ്വീകരിക്കാനും, ത്യാഗപ്രവർത്തികളിലൂടെ ജീവിതത്തിന് ആഴവും അർത്ഥവും കൈവരുത്താനുമാകണം. യേശുനാഥനോടൊപ്പം ആനന്ദത്തോടെ വേണം ഓരോ വിശ്വാസിയും കാൽവരിമല കയറുവാൻ. വിത്ത് വിതച്ച് വിളവാകുന്നതുവരെ അതിനെ സംരക്ഷിക്കുന്നവനു മാത്രമുള്ളതാണ് കൊയ്ത്തിന്റെ ആനന്ദം. അതുപോലെതന്നെ പീഡാനുഭവ മരണ അനുഭവങ്ങളിലൂടെ യേശുനാഥനെ പിൻതുടരുന്നവൾക്കു മാത്രം അവകാശപ്പെട്ടതാണ് ഉയിർപ്പിന്റെ ആനന്ദം.

ഉയിർപ്പുകാലം കടന്നുവരുന്നത് നോമ്പുകാലത്തിനു ശേഷമാണ്. നോമ്പുകാലം ആത്മപരിശോധനയുടെയും പശ്ചാത്താപത്തിന്റേതുമാണ്. ചിപ്പിക്കുള്ളിൽ മുത്ത് രൂപപ്പെടുന്നതുപോലെ, മുത്ത് ഉള്ളിൽ രൂപപ്പെടുന്ന കാലം ചിപ്പിയുടെ തപസ്സുകാലമാണ്. ഒരു സ്ത്രീക്ക് തന്റെ ഉള്ളിൽ രൂപമെടുത്ത കുഞ്ഞിനെ പൂർണ്ണവളർച്ചയെത്തുന്നതുവരെ വഹിക്കാനുള്ള ഒമ്പതു മാസക്കാലം അമ്മയാകാനുള്ള തപസ്സുകാലം തന്നെ. അതുപോലെ ആറ് ആഴ്ചകൾ നീണ്ടുനിൽക്കുന്ന ഈ തപസ്സുകാലം നമ്മെ ക്രിസ്തുവിനോട് കൂടുതൽ അടുപ്പിക്കാനുള്ളതാണ്. തപസ്സുകാലത്ത് നാം ബോധപൂർവ്വം ഉപേക്ഷിക്കുന്ന സുഖസൗകര്യങ്ങൾ ഉയിർപ്പുകാലത്ത് ഇരട്ടിയായി ദൈവം നമുക്കു തരും. മുത്ത് ഉള്ളിൽ രൂപപ്പെടുമ്പോഴുള്ള ചിപ്പിയുടെ അസ്വസ്ഥതകൾ, ഗർഭകാലത്ത് സ്ത്രീയനുഭവിക്കുന്ന അരിഷ്ടതകൾ, മുത്തായിക്കഴിയുമ്പോഴുണ്ടാകുന്ന, സ്വന്തം കുഞ്ഞിനെ കൈയ്യിലെടുക്കുമ്പോഴുണ്ടാകുന്ന ആനന്ദങ്ങളേക്കാൾ എത്രയോ ചെറുതാണ്. ഇപ്രകാരം നാം അനുഷ്ഠിക്കുന്ന ത്യാഗപ്രവർത്തികൾ വരാനിരിക്കുന്ന ഉത്ഥാന മഹത്വത്തിന്റെ അനുഭവം സ്വന്തമാക്കാൻ നമുക്ക് ആവശ്യമാണ്. ഉത്ഥിതനായ ക്രിസ്തുവിനെ സ്വീകരിക്കാനൊരുങ്ങുമ്പോൾ ഈയൊരു ചിന്തയായിരിക്കട്ടെ നമ്മുടെ മനസ്സുകളിൽ നിറയുന്നത്.

നാം ദൈവത്തിനുവേണ്ടി ത്യജിക്കുന്നതൊന്നും, നഷ്ടപ്പെടുത്തുന്നതൊന്നും പാഴായിപ്പോകാൻ അവൻ അനുവദിക്കുകയില്ല. നൂറുമേനി ഫലമായി തിരിച്ചുനൽകപ്പെടും. പുലരൊളിയിൽ കല്ലറ മിന്നുമ്പോൾ മഹിമയോടെ നാഥനുയർക്കണം തപസ്സുകാലത്തിലൂടെ വിശുദ്ധമാക്കിയ നിന്റെയും എന്റെയും ഹൃദയത്തിൽ.

ഏവർക്കും ഉത്ഥിതനായ ക്രിസ്തുവിന്റെ ശാന്തിയും സന്തോഷവും സ്നേഹത്തോടെ നേരുന്നു.

# ദോണും ദേയി 2013–14

## റാങ്ക് വിജയികൾക്ക് അനുമോദനങ്ങൾ

സിസ്റ്റേഴ്സ് വിഭാഗം

| Rank | Name | Parish |
|---|---|---|
| I | Sr.Ajam DSS | St Antony's Church ,Tholpetty |
| II | Sr.Vincy FDM | Holy Cross Church ,Poomala |
| III | Sr.Molly Thomas | St Xavier Church ,Peruvayal |
| IV | Sr.Preethi Rose | Lourdh Matha Church,Pallikkunnu |
| V | Sr.Anna Sebastian | Ayurnikethan Church,Kottakal |
| VI | Sr Jeeva Peter | St Vincent Colony |
| VII | Sr Sheeja Mathew | Lourdh Matha Church,Pallikkunnu |
| VIII | Sr Shyni Therese | St Patrick's Church,Kallai |
| IX | Sr Joicy Joseph | St Joseph's Church ,Calicut |
| X | Sr Nisha Mathews | Mother Of God Cathedral |

അല്മായ വിഭാഗം

| Rank | Name | Parish |
|---|---|---|
| I | Bindu CT | Ayurnikethan Church ,Kottakal |
| II | Cicily Francis | St Thomas Church,Thalapuzha |
| III | Leena M J | St Antony's Church,Tholpetty |
| IV | Veenus Baby | Christ The King Church,Malaparamba |
| V | Ancy Christy | Immaculate Conception Church, Mananthavady |
| VI | Anin Jyothi S Francis | Immaculate Conception Church, Mananthavady |
| VII | Reema Nelson | Immaculate Conception Church, Mananthavady |
| VIII | Shalby Shiju | St Antony's Church ,Tholpety |
| IX | Sheeja Catherine | St Antony's Church ,Tholpety |
| X | Bindu Rexon | St Thomas Aquinas Church, Thenhipalam |

ഫാ. ജിയോലിൻ എടേഴത്ത്

# Bishop's Programme

## MAY 2014

| | | |
|---|---|---|
| 01-04 | | CCBI Executive Meeting, Bangalore |
| 05 | 11.30 a.m. | Pallikunnu |
| 06 | | Engaged |
| 07 | 10.30 a.m. | Vellarikundu |
| 08-09 | | Seminarians' Villa, Vythiri |
| 10 | 10.30 a.m. | Silver Jubilee of Very Rev. Fr Sebastian, Meppady |
| | 07.30 p.m. | Chirst the King School, Malaparamba |
| 11 | 10.30 a.m. | Feast, Kalpetta |
| 13 | 10.00 a.m. | Feast, Chettikad |
| 15 | 10.30 a.m. | Jubilee of Rev. Fr Vincent Pulickal, Ponekkara |
| 17 | 05.00 p.m | Confirmation, Muthedom |
| 18 | 10.00 a.m. | Feast, Panamaram |
| 19-24 | | Retreat, Manathavady |
| 24 | 10.30 a.m. | Women's Commission Zonal Sangamam, Calicut |
| 24 | 6.00 p.m | Confirmation, Perinthalmanna |
| 25 | 8.00 a.m. | Blessing of the Parish Hall, Kappenkolly |
| 26 | 10.30 a.m. | Jubilee, Pakkam |
| 28 | 10.00 a.m. | Closing Ceremony of the cause of Canonisation of Servant of God Sr. Celine Kannanayikkal |
| 31 | 09.30 a.m. | Profession, MSFS Makkiyad |


ചുമർചുവടുകളൊഴിഞ്ഞ പറവകൾ